VII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ ഇന്നലെ വൈകിട്ടാണ് കിട്ടിയത്. കിട്ടിയപ്പോൾ 48-ാം വകുപ്പ് ബില്ലിനകത്ത് ഉണ്ടായിരുന്നില്ല. വിട്ടുപോയി. അത് ഇപ്പോഴാണ് സർക്കുലേറ്റ് ചെയ്തത്. അതു കാരണം 48-ാം വകുപ്പിന് ആരും ഭേദഗതി കൊടുത്തിട്ടില്ല. ഇതിനൊരു ക്രമീകരണം ഉണ്ടാകണം.

മി. സ്പീക്കർ: അത് സംബന്ധിച്ച് ആർക്കെങ്കിലും വേണമെങ്കിൽ സംസാരിക്കാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): അതിൽ അക്സപ്റ്റ് ചെയ്യാനുള്ള ഏതെങ്കിലും ഭേദഗതികളുണ്ടെങ്കിൽ ഓറലായിട്ട് അവതരിപ്പിച്ചാൽ സ്വീകരിക്കാം.

VIII. ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. എ. കെ. ബാലൻ: സർ, ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമെന്ന് പറഞ്ഞതാണ്. സഭ ഇന്ന് പിരിയുകയാണ്. ഇന്നേവരെ മേശപ്പുറത്ത് വച്ചിട്ടില്ല. ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് സഭ തുടങ്ങുമ്പോൾ വയ്ക്കുമെന്നു പറഞ്ഞതാണ്. അത് എപ്പോൾ വയ്ക്കുമെന്ന് പറയാൻ പറ്റുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ആക്ഷൻ ടേക്കൺ റിപ്പോർട്ട് പൂർത്തിയായിട്ടില്ല. പൂർത്തിയായാലുടൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇവിടെ അഞ്ചു പേർ വിയോജനക്കുറിപ്പ് തന്നിട്ടുണ്ട്. രണ്ടു പേരുടെ ഭേദഗതിയുണ്ട്. അങ്ങനെ ഏഴു പേർക്ക് സംസാരിക്കണം. അഞ്ചു മിനിട്ട് തൊട്ട് പത്തു മിനിട്ടുവരെ സമയം എടുക്കാം. ദയവുചെയ്ത് പത്തു മിനിട്ടിൽ കൂടുതൽ ആരും എടുക്കരുത്. ഇതുവരെ 900 ഭേദഗതികൾ വന്നിട്ടുണ്ട്. പുതിയതായി ഒരു സെക്ഷന്റേത് വരാനുണ്ട്. നമുക്ക് ഉച്ചയ്ക്ക് പിരിയണം. ദയവുചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ആവശ്യമില്ലാത്ത ഭേദഗതികൾ മൂവ് ചെയ്യരുത്. എല്ലാത്തിനേയും കുറിച്ച് സംസാരിക്കാൻ നിൽക്കരുത്. വിയോജനക്കുറിപ്പ് തന്നിട്ടുള്ളവരും ഭേദഗതികൾ തന്നിട്ടുള്ളവരും ഒരു കാരണവശാലും പത്തു മിനിട്ടിൽ കൂടുതൽ എടുക്കരുത്. ഇന്നലെ പത്തു മിനിട്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് സമ്മതിച്ചതാണ്. പക്ഷേ 15-ഉം 20-ഉം മിനിട്ടുകൾ എടുത്തു. ദയവുചെയ്ത് ഇന്ന് അതുപോലെ ആകരുത്. വളരെ പാടുപെട്ടതുകൊണ്ടാണ് ഇന്നലെ തീർത്തത്. ഇന്ന് അതുപോലെ സഹകരിക്കണം. നല്ല സഹകരണം ഉണ്ടായിരിക്കുന്നു. അതൊക്കെ നല്ല കാര്യമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 2003-ലെ കേരള ജലസേചനവും ജല സംരക്ഷണവും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ നടത്തിയ ചർച്ചയുടെ ഫലമായി കുറേയധികം മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ ഇവിടെ സമർപ്പിച്ചത്. പ്രതിപക്ഷത്തുനിന്നും ഉന്നയിച്ച പല നിർദ്ദേശങ്ങളിലും ഭരണപക്ഷത്തുള്ള മെമ്പർമാർ അധികവും എന്തുകൊണ്ടോ താല്പര്യം പ്രകടിപ്പിച്ചില്ല. കുറേയധികം നിർദ്ദേശങ്ങൾ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു ബിൽ വരാൻതന്നെ കാരണം, പ്രതിപക്ഷ നേതാവ് ഇവിടെ ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ സംസ്ഥാനത്തുള്ള നദീജല സമ്പത്ത് അയൽ സംസ്ഥാനങ്ങളിലേയ്ക്ക് ചോർത്തിക്കൊണ്ടുപോകുന്നത് തടയുന്നതിനുള്ള ഒരു സമഗ്രമായ നിയമനിർമ്മാണം വേണം എന്ന അഭിപ്രായത്തിലേയ്ക്ക് നാം എത്തിയത്. പ്രതിപക്ഷ നേതാവ് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിലും മറ്റ് പല സന്ദർഭങ്ങളിലും അതിനുവേണ്ടി നടത്തിയ പോരാട്ടത്തെത്തുടർന്നാണ് ഇത്തരത്തിൽ ഒരു ബിൽ ഇവിടെ കൊണ്ടു വന്നത്. അന്ന് ആവശ്യപ്പെട്ട തരത്തിലുള്ളതുപോലെ എല്ലാ ഇറിഗേഷൻ നിയമങ്ങളേയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്രമായ നിയമനിർമ്മാണമാണ് ഇപ്പോൾ നമ്മുടെ മുമ്പിൽ വന്നിരിക്കുന്നത്. അങ്ങനെ വന്നതിന്റെ ഫലമായി 95 വകുപ്പുകളുള്ള, സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒട്ടനവധി കാര്യങ്ങൾ ഉൾക്കൊള്ളുന്ന നിയമനിർമ്മാണമായിട്ടാണ് ഇത് മാറാൻ പോകുന്നത്. മുമ്പൊക്കെ നിലനിന്നിരുന്ന ബില്ലിനകത്തുള്ള കാര്യങ്ങൾ അതേപടി എടുത്തുചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഇപ്പോൾ ഇത് നോക്കുമ്പോൾ നമ്മുടെ നദീജല സമ്പത്ത് സംരക്ഷിക്കുന്നതിനേക്കാളുപരി കർഷകർക്ക് ദ്രോഹകരമായിട്ടുള്ള

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ചില വകുപ്പുകൾ ഇതിനകത്ത് നിലനിൽക്കുന്നുണ്ട്. ഇത്തരത്തിള്ള വകുപ്പുകളൊക്കെ മാറ്റിക്കൊണ്ട് വകുപ്പു തിരിച്ചുള്ള ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട മന്ത്രി ഇതു സംബന്ധിച്ച ഒരു നിലപാടുകൂടി സ്വീകരിക്കണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് ആശങ്ക ഉയർന്നുവന്നപ്പോഴാണ് ഇത്തരത്തിലുള്ള നിയമനിർമ്മാണം വേണം എന്നുള്ള ആവശ്യം ഇവിടെ ശക്തമായിട്ട് ഉയരാൻ തുടങ്ങിയത്. 1886 ഒക്ടോബർ 28-നാണ് തിരുവിതാംകൂർ മഹാരാജാവും മദിരാശി ഗവൺമെന്റിനുവേണ്ടി സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇൻഡ്യയും തമ്മിൽ 106 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ പാട്ടക്കരാർ ഉണ്ടാക്കിയത്. അതുപ്രകാരം 8,000 ഏക്കർ വിസ്തൃതിയുള്ള ജലസംഭരണിയും 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് നമ്മൾ തമിഴ്നാടിന് പാട്ടത്തിന് കൊടുത്തിരിക്കുകയാണ്. ഈ 999 വർഷത്തേയ്ക്ക് മുല്ലപ്പെരിയാർ ഡാം നിലനിൽക്കുകയില്ല എന്നത് ഒരു വസ്തുത മാത്രമാണ്. അതിന് ഇപ്പോൾത്തന്നെ 110 വർഷത്തെ പഴക്കം വന്നിരിക്കുന്നു. ഈ ഡാമിന്റെ ബലക്ഷയത്തെ സംബന്ധിച്ചുള്ള സംശയങ്ങൾ ശക്തിപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, 1970-ൽ നമ്മൾ കരാർ പുതുക്കിയപ്പോഴും ഈ 999 വർഷവും നിലനിർത്തിയതിന്റെ ഫലമായിട്ട് ഇനി ഒരുകാലത്തും ഈ കരാർ പുനഃപരിശോധിക്കാൻ പാടില്ല എന്ന സ്ഥിതി വന്നാൽ ഈ ഡാം ഇത്രയും കൊല്ലം നിൽക്കുമോ? അപ്പോൾ ഒരു കാലത്തും ഈ ഡാം പുനഃപരിശോധിക്കാൻ പാടില്ല എന്ന സ്ഥിതി വന്നു കഴിഞ്ഞാൽ ഉണ്ടാകാൻ പോകുന്ന പ്രത്യാഘാതം എന്തായിരിക്കും? യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരത്തിലുള്ള കരാറുകൾ ഒപ്പിടുമ്പോൾ സംസ്ഥാന നിയമസഭ അറിയേണ്ടതായിട്ടില്ലേ? അപ്പോൾ ഈ ബിൽ പാസ്സാകുന്നതോടുകൂടി ഇനി ഇത്തരത്തിലുള്ള കരാറുകളിൽ നമ്മുടെ സംസ്ഥാനം ഏർപ്പെടുമ്പോൾ, നിയമസഭയുടെ മുമ്പിൽ വന്ന് നിയമസഭയിൽ പ്രമേയം മുഖേന അംഗീകരിക്കുന്ന കരാറുകൾക്ക് മാത്രമേ ഇനി പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ. ഇതു പ്രകാരം മുൻ കരാറുകൾ ഒന്നുംതന്നെ പുനഃപരിശോധിക്കാനുള്ള അവസരം നമുക്ക് കിട്ടുന്നില്ല. 1970-ൽ കരാർ പുതുക്കിയ സമയത്തും 999 എന്നുള്ള വർഷം അതിനകത്ത് പെട്ടു.യഥാർത്ഥത്തിൽ അത് പരിശോധിച്ചു നോക്കുമ്പോൾ ക്യാബിനറ്റ്പോലും അന്ന് അത് ചർച്ച ചെയ്തിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. ക്യാബിനറ്റുപോലും ചർച്ച ചെയ്യാതെ എങ്ങനെ ഇത്തരത്തിലുള്ള കരാറുകൾ ഉണ്ടാകുന്നു എന്നതല്ലേ പരിശോധിക്കേണ്ടത്? ഉദ്യോഗസ്ഥതലത്തിൽ ചർച്ച ചെയ്ത് രണ്ടു ദിവസംകൊണ്ട് യുദ്ധകാല വേഗതയിൽ നീങ്ങിയ ഫയലാണ്. ഇങ്ങനെ കരാറുണ്ടാക്കാൻ ഗവൺമെന്റിന് അധികാരം ഉണ്ടായിക്കൂട. അത് നിയമസഭ അറിയണം. അങ്ങനെ വരുമ്പോൾ ഇപ്പോൾ ഉണ്ടാക്കിയിട്ടുള്ള കരാർ, മുല്ലപ്പെരിയാർ കരാറോ പറമ്പിക്കുളം-ആളിയാർ കരാറോ ഇതെല്ലാംതന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പറമ്പിക്കുളം-ആളിയാർ കരാറിനെ സംബന്ധിച്ച് നോക്കിയാൽ, ആ കരാർ പ്രകാരം നമ്മുടെ സംസ്ഥാനത്തിന് പൂർണ്ണ നിയന്ത്രണമുള്ള പദ്ധതികളാണ്. ഇവിടെ ശിരുവാണിപുഴയിൽ അണകെട്ടി കോയമ്പത്തൂരിലേയ്ക്ക് വെള്ളം കൊടുക്കാൻവേണ്ടി ഉണ്ടാക്കിയ പദ്ധതി, ഇപ്പോൾ ഈ വ്യവസ്ഥ പ്രകാരമുള്ള കാര്യങ്ങളിൽപ്പോലും നടക്കാതെ വന്നിരിക്കുകയാണ്. ഇങ്ങനെ വരുമ്പോൾ ഇവിടെ ഉണ്ടാക്കിയ കരാറുകൾ തന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ട സാഹചര്യം വന്നിട്ടുണ്ട്. അതുകൊണ്ട് നിലവിലുള്ള ഈ കരാറുകൾ എല്ലാം നിയമസഭ ഒരു പ്രമേയം മുഖേന അംഗീകരിച്ചാൽ മാത്രമേ അതിന് പ്രാബല്യം ഉണ്ടാകാൻ പാടുള്ളൂ എന്ന വിധത്തിലുള്ള ഒരു വിയോജനക്കുറിപ്പാണ് ഞങ്ങൾ ഇതിനകത്ത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇനി വരുന്ന പദ്ധതികൾക്കുകൂടി ബാധകമാക്കിയിട്ടുള്ള ഒരു കാര്യമാണ് ഇവിടെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ കരാറുകളെല്ലാം ഇവിടെ പരിശോധിക്കേണ്ട വിധത്തിലുള്ള സംവിധാനം ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. നിയമവകുപ്പിൽനിന്നും കിട്ടിയ നിർദ്ദേശ പ്രകാരമാണ് ഇപ്പോൾ തടസ്സം വന്നിരിക്കുന്നത്. ഇത് സംബന്ധിച്ച് ഗൗരവമായിട്ട് ആലോചിക്കണം. ഇപ്പോൾ ഉണ്ടായിരിക്കുന്ന കരാറിൽ 999 വർഷംവരെ ഈ ഡാം നിലനിൽക്കുമോ? ഒരു കാലത്തും ആ കരാർ പുനഃപരിശോധിക്കാൻ പാടില്ല എന്ന ഒരു സാഹചര്യം വന്നാൽ, ഈ ഡാം പൊട്ടിയാൽ, നാലു ജില്ലകളിലേയും ജനങ്ങൾ ഒഴുകിപ്പോകും. ഈ ഗരുതരമായ പ്രത്യാഘാതം പരിശോധിച്ചുകൊണ്ട് പുനഃപരിശോധിക്കാൻ എന്തെങ്കിലും ഒരു വഴി നമ്മൾ കണ്ടുപിടിക്കണ്ടേ? നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. ഉറങ്ങാൻ കള്ള് വേറെ കുടിക്കണമെന്ന്. ഈ കാര്യം നടപ്പാക്കണമെങ്കിൽ ഇവിടെ വേറൊരു ബിൽ നമ്മൾ കൊണ്ടുവരേണ്ട സാഹചര്യമാണുള്ളത്. അതുകൊണ്ട് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനകത്ത് വളരെയധികം പരിമിതപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒന്നാണ് വന്നിരിക്കുന്നത്. നമ്മുടെ അയൽ സംസ്ഥാനങ്ങൾ നമ്മുടെ സംസ്ഥാനത്തിലുള്ള നദികളിൽനിന്നും വെള്ളം ചോർത്തിക്കൊണ്ടുപോകാൻവേണ്ടി സംഘടിതമായി ശ്രമിക്കുന്ന കാലമാണ്. ഇത് വച്ചുകൊണ്ടാണ് തമിഴ്നാട്-കേരളം അതിർത്തിയിൽതന്നെ ഒന്നര കി. മീറ്റർ അപ്പുറത്ത് അടവിനൈനാർ കോവിൽ ഡാം എന്ന പേരിൽ ഇപ്പോൾ പ്രസിദ്ധമായ മേക്കരെ ഡാം നിർമ്മിച്ചത്. ആ ഡാമിലെ ജലസ്രോതസ്സ് ഹനുമാൻ നദി എന്നാണ് പറയുന്നത്. ആ നദി എന്നു പറയുന്ന സ്ഥലം പോയി നോക്കിയപ്പോൾ അത് വെറും തോടു മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ ഏറിയ കാലവും അവിടെ വരണ്ടുകിടക്കുകയാണ്. ഒന്നര കി. മീറ്റർ മാത്രമാണ് അവിടെ വൃഷ്ടിപ്രദേശമായിട്ടുള്ളത്. മഴവെള്ളം കെട്ടിനിർത്തുന്നതിനുവേണ്ടി 100 കോടി രൂപയോളം ചെലവ് ചെയ്തുകൊണ്ട് ഇങ്ങനെ ഒരു ഡാം നിർമ്മിക്കേണ്ട ആവശ്യം കാണുന്നില്ല. അതുവഴി വന്നിരിക്കുന്ന ആക്ഷേപം പമ്പ-അച്ചൻകോവിൽ നദിയിൽക്കൂടി ഒഴുകി എത്തുന്ന ജലം തിരിച്ചുവിടാൻ വേണ്ടിയുള്ള ഉദ്ദേശ്യത്തിനുവേണ്ടിയുള്ള ഒരു നീക്കം നടന്നുകൊണ്ടിരിക്കുകയാണ്. അച്ചൻകോവിൽ ഫോറസ്റ്റിലെ തൂവൽമലയും മണ്ണണയും റാന്നി ഡിവിഷനിൽപ്പെട്ട തേവർമലയ്ക്കടുത്ത പ്രദേശത്തിലെ നീരുറവകളുടെ ഉത്ഭവസ്ഥാനത്ത് ചെന്ന് ചെറിയ തടയണകൾ നിർമ്മിച്ചുകൊണ്ട് നമ്മുടെ വെള്ളം അവിടേയ്ക്ക് തിരിച്ചുവിടാനുള്ള ഒരു പദ്ധതിയാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. വളരെ ജാഗ്രത പാലിച്ചില്ലെങ്കിൽ മുല്ലപ്പെരിയാറിന്റെ കാര്യത്തിലും പറമ്പിക്കുളം-ആളിയാറിന്റെ കാര്യത്തിലും സംഭവിച്ചതു പോലുള്ള പ്രത്യാഘാതം ഈ പ്രശ്നത്തിലും നമുക്ക് ഭാവിയിൽ ഉണ്ടാകാൻ ഇടയുണ്ട്. അതുകൊണ്ട് ഇതിനെയെല്ലാം തടുക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു നിയമനിർമ്മാണമാണ് കേരളത്തിൽ ഇന്ന് ആവശ്യമായിട്ടുള്ളത്. ആ തരത്തിലുള്ള ഭാഗം ഇതിനകത്ത് ഉണ്ടാകുന്നില്ല എന്നതുകൊണ്ടാണ് ഞങ്ങൾ ഇതിനകത്ത് വിയോജിപ്പ് രേഖപ്പെടുത്താൻ ഇടയായത്. മറ്റൊന്ന്, ഇവിടെ വന്ന നിർദ്ദേശങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഡാം സേഫ്റ്റി കമ്മിറ്റിയുടെ കാര്യത്തിൽ സബ്ജക്ട് കമ്മിറ്റി വളരെ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. അതിന്റെ ചെയർമാൻ അതിൽ കുറേയധികം മാറ്റങ്ങൾ വരുത്തി. പക്ഷേ നമുക്ക് അത് ഒന്നുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെടുന്ന വിഷയമായതുകൊണ്ട് വനംവകുപ്പിന്റെ സീനിയർ ഫോറസ്റ്റ് കൺസർവേറ്റർ ആയിട്ടുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെക്കൂടി ഉൾപ്പെടുത്തുന്നത് നമുക്ക് കുറച്ചുകൂടി സുരക്ഷിതമായിരിക്കും. മറ്റൊന്ന്, വെള്ളത്തിന് പുതിയ നികുതി ചുമത്തുന്ന ഒരു സിസ്റ്റം ഈ ബിൽ പാസ്സാകുന്നതോടുകൂടി വരാൻ പാടില്ല. കർഷകർക്ക് ഇപ്പോൾ ആശങ്ക വന്നിട്ടുള്ളത്, പത്രങ്ങളിലൊക്കെ വന്ന വാർത്തകളിലെല്ലാംതന്നെ കർഷകർക്ക് ഒരു പുതിയ ഭാരം വരാൻ പോകുന്നു എന്ന ഒരു സ്ഥിതി വന്നിട്ടുണ്ട്. അത് ദൂരീകരിക്കാൻ ആവശ്യമായിട്ടുള്ള വ്യവസ്ഥകൾ ഈ ബില്ലിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജലസേചന രംഗത്തുനിന്ന് സർക്കാർ പൂർണ്ണമായും പിൻവാങ്ങണം എന്നാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട്. ഇങ്ങനെ വന്നുകഴിഞ്ഞാൽ, കല്ലട, പഴശ്ശി, തുടങ്ങിയ ഇപ്പോൾ കമ്മീഷൻ ചെയ്യാൻ പോകുന്ന ഈ പ്രോജക്ട് വഴി ഗുണം കിട്ടുന്ന കൃഷിക്കാർതന്നെ അതിന്റെ മെയിന്റനൻസിന് ആവശ്യമായ പണം നൽകണം എന്ന സ്ഥിതിവിശേഷം വന്നാൽ, ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ച ഗുണം കൃഷിക്കാർക്ക് ലഭിക്കാൻ പോകുന്നില്ല. അത് കൃഷിക്കാരന്റെമേൽ പുതിയ ഒരു നികുതിഭാരം വന്നുചേരുന്ന ഒരു അവസ്ഥ ഉണ്ടാകും. അപ്പോൾ കൃഷിക്കാർക്ക് ദ്രോഹകരമാകുന്ന ഒരു നിലപാട് നമ്മൾ സ്വീകരിക്കാൻ പാടില്ല. ഇറിഗേഷൻ പദ്ധതി വരുമ്പോൾ കൃഷിക്കാരന്റെ മനസ്സിലാണ് കുളിർമ ഉണ്ടാകുന്നത്. കൃഷിക്കാർക്കാണ് അതുകൊണ്ട് ഗുണം കിട്ടേണ്ടത്. കൃഷിക്കാരന് ഗുണം കിട്ടേണ്ട പ്രോജക്ടായി രൂപം കൊണ്ടുവരുമ്പോൾ അത് കൃഷിക്കാർക്കുതന്നെ ദ്രോഹമാകുന്ന ഒരു സ്ഥിതി ഉണ്ടായിക്കൂടാ. ജലസേചന രംഗത്തുനിന്ന് സർക്കാർ പൂർണ്ണമായി പിൻവാങ്ങണം എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം. ആ നയം അതേപടി കേരളത്തിൽ നടപ്പാക്കാൻ തുടങ്ങിയാൽ വളരെയധികം പ്രത്യാഘാതം ഉണ്ടാകും. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തപ്പോൾ അതിൽ കുറേ ഭാഗങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇനി വകുപ്പു തിരിച്ചുള്ള ചർച്ച കൂടി നടത്തുമ്പോൾ ഇത്തരം പ്രശ്നങ്ങളിൽക്കൂടി ഒരു മാറ്റം വരുത്തിക്കൊണ്ട് ഈ ബിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനും അതിനുമുൻപ് ഉണ്ടാക്കിയ കരാറുകളിലും നമുക്ക് ദോഷകരമായിട്ടുള്ള കാര്യം പുനഃപരിശോധിക്കാനും കഴിയത്തക്കവിധത്തിലുള്ള ഭാഗങ്ങൾകൂടി ചേർത്തുകൊണ്ട് ഇത് സമ്പുഷ്ടമാക്കണം. അത് സംബന്ധിച്ചാണ് ഞങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നത് എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ രണ്ട് ദിവസങ്ങളിലായി ഏഴെട്ടു മണിക്കൂർ നമ്മൾ സബ്ജക്ട് കമ്മിറ്റി കൂടിയതാണ്. വളരെയേറെ വിശദമായ ചർച്ചകൾ നടന്നു. എന്തുകൊണ്ടെന്നറിയില്ല നമ്മുടെ ഭരണ കക്ഷിയിലുള്ള പല സുഹൃത്തുക്കളും വേണ്ടത്ര സജീവമായിട്ട് അവിടെ വന്നില്ല. എന്നാലും പല നിർദ്ദേശങ്ങളും ചർച്ച ചെയ്യാനും പലതും ഉൾക്കൊള്ളാനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറായതിൽ നന്ദിയുണ്ട്. അതുകൊണ്ട് ഇവിടെ ഭേദഗതികൾ അവതരിപ്പിക്കുമ്പോൾ ഓറലായിട്ട് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. കാരണം, നമ്മൾ വളരെ ധൃതി പിടിച്ചാണ് കാര്യങ്ങൾ നടത്തുന്നത്. അത് പലർക്കും അറിയാം. പ്രത്യേകിച്ച് ഇത്രയും തയ്യാറാക്കിത്തരാൻ നമ്മുടെ ലെജിസ്ലേറ്റീവ് സ്റ്റാഫ് ഒക്കെ വളരെ ബുദ്ധിമുട്ടിക്കാണും. അതിൽ ശ്രീ. അഗസ്തി സജീവമായിട്ട് ഉണ്ടായിരുന്നു.

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട രാജേന്ദ്രന് ഡിസെന്റിനുള്ള അവകാശമുണ്ട്, because he belongs to opposition. അദ്ദേഹം വളരെ സീരിയസ്സായി ബിൽ പഠിച്ചിട്ടുണ്ട് എന്നുള്ളത് ശരി, അദ്ദേഹം വളരെ ഗൗരവമായി ബിൽ ഡിസെന്റ് [11 A.M.] ചെയ്യുന്നു. പക്ഷെ അതിനർത്ഥം ഡിസെന്റ് എഴുതാൻ ഭരണകക്ഷി അംഗങ്ങൾക്ക് അവകാശമില്ല എന്നുള്ള ആക്ഷേപമാണ്. സഭാരേഖകളിൽ വരുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ കാര്യം പറയുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അഗസ്തിയുടെ മണ്ഡലത്തിൽ വരുന്ന വിഷയമാണ്. ഞാൻ പറഞ്ഞുവരുന്നത് നിയമവകുപ്പിലെ പ്രഗൽഭരുടേയും സുപ്രീംകോടതിയിലുള്ള പ്രധാനപ്പെട്ട അഭിഭാഷകരുടെയുമെല്ലാം അഭിപ്രായങ്ങൾ കേട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് ചില കാര്യങ്ങൾ പറയാൻ പറ്റും. അത് മനസ്സിലാക്കാവുന്നതാണ്. എന്നാലും ഞങ്ങൾ പിന്നെയും പിന്നെയും ഇതുമായി ബന്ധപ്പെട്ട വളരെയേറെ ആൾക്കാരുമായി ഒക്കെ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ ഡിസെന്റ് എഴുതാനുണ്ടായ കാരണം എന്നാണ് ഇതുമായി ബന്ധപ്പെട്ട് ഇവിടെ പറയുന്നത്. ഇത്തരം ഒരു നിയമനിർമ്മാണത്തിന് മുതിരുന്നത് തന്നെ വലിയ കാര്യമാണ്. നമുക്ക് കുറച്ചുകൂടി സമയം എടുത്ത് കുറച്ചുകൂടി പഠനങ്ങളും തെളിവുകളും ഒക്കെ എടുത്തതിനുശേഷം ആകാമായിരുന്നു. പക്ഷെ ഈ സഭയിൽ തന്നെ ഇത് പാസ്സാക്കുന്നതിന് ഇന്നത്തെ സാഹചര്യത്തിൽ ചില പ്രാധാന്യങ്ങൾ ഉണ്ട്. ഞങ്ങൾ അത് ഉൾക്കൊള്ളുകയാണ്. ഞാൻ വളരെ നന്ദിപൂർവ്വം പറയുകയാണ്, പ്രതിപക്ഷ നേതാവ് ഈ സഭയിൽ, ഈ സെഷനിൽ മാത്രമല്ല കഴിഞ്ഞ സമ്മേളനങ്ങളിലും തുടർച്ചയായി നടത്തിയ ഇടപെടലുകളും, അദ്ദേഹത്തിന്റെ പ്രത്യേകമായ ഒരു സ്വകാര്യ ബിൽ പ്രതിപക്ഷ നേതാവ് തന്നെ ഈ സഭയിൽ കൊണ്ടുവന്നു എന്നുള്ളത് അതിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായിട്ട് വരുന്ന ഒരു വിമർശനം അല്ലെങ്കിൽ നമുക്ക് വരുന്ന ഒരു എതിർപ്പ് ഇതിൽ സെസ്സ് ഏർപ്പെടുത്തുന്നത് തന്നെയാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ ഞങ്ങളോട് പറഞ്ഞു. ഇവിടെ സഭയിലും പറഞ്ഞു ഇത് നേരത്തെയുള്ള നിയമത്തിൽ ഉള്ളതുകൊണ്ട് മാറ്റാൻ കഴിയില്ല. ഈ പറയുന്ന 9 നിയമങ്ങൾ പാർട്ട് ഒന്നിലെ ഷെഡ്യൂളിൽ പറയുന്ന The Madras Irrigation Cess Act, 1865, Madras Irrigation Volentary Cess Act, 1942 ആണ്, സ്വാതന്ത്ര്യത്തിനു മുമ്പ് Madras Irrigation Works Reforms Act എന്നു പറയുന്നത് 1943 ആണ്. Madras Irrigation Tax എന്നു പറയുന്നത്, 1947, Madras Irrigation, Levy, 1955, Travancore-Cochin, 1952 Travancore-Cochin, 1956, Kerala Irrigation, 1967 ഇതൊക്കെ വളരെ മുമ്പ്

ഉണ്ടാക്കിയിട്ടുള്ളനിയമങ്ങളാണ്. ഇതിൽ ലെവിയുടെ പറയുന്നുണ്ട്: ഞാൻ ഇല്ല എന്നു പറയുന്നില്ല. ഞങ്ങൾ ഓരോന്ന് പരിശോധിച്ചപ്പോൾ ലെവി പറയുന്നുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ, അതിൽ ഒരു വ്യത്യാസം ഉണ്ട്. നമ്മൾ ഇപ്പോൾ ചർച്ച ചെയ്യുന്നത് നമ്മുടെ കേരളത്തിലുള്ള ഡാമുകളും ഇതുമായി ബന്ധപ്പെട്ട് ഇറിഗേഷന്റെ കനാലുകളുടെ വെള്ള മെല്ലാം ഇപ്പോഴത്തെ ഒരു സാഹചര്യത്തിലാണ് ചർച്ച ചെയ്യുന്നത്. നേരത്തെയുള്ള നിയമങ്ങൾ ഉണ്ടാക്കുന്ന സമയത്ത് ഡാമുകളുടെ നിർമ്മാണവും അതിന്റെ തുടക്കവും അതിന്റെ ഭൂമിയും അക്വിസിഷനും അതുമായി ബന്ധപ്പെട്ട ചെലവുകളും കാര്യങ്ങളും ഒക്കെ വരുന്നതാണ്. ആ സന്ദർഭത്തിൽ അന്ന് ഒരു ലെവിയോ അല്ലെങ്കിൽ അംശദായമോ ഒരു സെസ്സോ ഏർപ്പെടുത്തുന്നതും ഇപ്പോൾ നമ്മൾ ഇതിൻമേൽ ഏർപ്പെടുത്തിയിരിക്കുന്നതും തമ്മിൾ വളരെ വ്യത്യാസമുണ്ട്. അതുകൊണ്ട് വിവിധതരം നികുതികൾ.....

ശ്രീ. കെ. സി. ജോസഫ്: പ്രതിപക്ഷ മെമ്പർമാർ വളരെ പഠിച്ചു എന്നു പറഞ്ഞു. ഈ വിയോജനക്കുറിപ്പിൽ നിങ്ങൾ എന്തുകൊണ്ടാണ് ഈ സെസ്സിന്റെ കാര്യം പറയാതിരുന്നത്. സെസ്സിന്റെ കാര്യം മിണ്ടിയിട്ടില്ല.

ശ്രീ. കെ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾ അങ്ങനെ ഓരോന്നും എഴുതിക്കൊടുത്തിരുന്നു എങ്കിൽ ഒരു ആറ്, ഏഴ് പേജ് എഴിതിക്കൊടുക്കണമായിരുന്നു. ഞങ്ങൾ ഓറലായിട്ട് അവിടെ ധാരാളം അവതരിപ്പിച്ചതാണ്. സെസ്സ് പൂർണ്ണമായിട്ടും ഒഴിവാക്കണം. പ്രത്യേകിച്ച് കൃഷിമേഖല തകർന്നുകിടക്കുന്ന ഈ സാഹചര്യത്തിൽ! ഗവൺമെന്റിന് അധികാരം കൊടുത്ത് വേണമെങ്കിൽ പിന്നീട് നടപ്പാക്കിയാൽ മതി. സെസ്സ് എല്ലാം ഒഴിവാക്കണം. കൃഷിക്കാരുടെ പേരിൽ ഒരു തരത്തിലുള്ള ജലസേചന കരവും ഉണ്ടാകാൻ പാടില്ല എന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. രണ്ടാമത്തെ വിഷയം നമ്മുടെ കരാറാണ്. മുല്ലപ്പെരിയാർ, ഇവിടെ ശ്രീ. കോടിയേരി സൂചിപ്പിച്ചു. 999 വർഷത്തേക്ക് ഒരു കരാർ ഉണ്ടാക്കാൻ ആർക്കും അധികാരമില്ല. അതുകൊണ്ടുതന്നെ ആ കരാർ റദ്ദാവുകയാണ്. ആ കരാറിൽതന്നെ 30 വർഷം കഴിഞ്ഞാൽ അത് റിവ്യൂ ചെയ്യാം. ആ റിവ്യൂ ചെയ്യേണ്ട സന്ദർഭത്തിൽ നമ്മൾ റിവ്യൂ ചെയ്തില്ല. കരാറുകളിലെ പല വ്യവസ്ഥകളും ഏകപക്ഷീയമായി തമിഴ്നാട് ലംഘിച്ചു, ഇലക്ട്രിസിറ്റി എടുത്തത് ഉൾപ്പെടെ. അതുകൊണ്ടുതന്നെ ആ കരാർ നിലനിൽക്കുന്നില്ല. 999 വർഷത്തേക്ക് ഒരു കരാറെന്നു പറഞ്ഞാൽ ഭരണഘടനാവിരുദ്ധമായി ചില കാര്യങ്ങൾ കൂടിയുണ്ട്. Right to live. ജീവിക്കാനുള്ള അവകാശത്തിന്റെ ഒരു പ്രശ്നം നമ്മുടെ ഭരണഘടന ഉറപ്പുതരുന്നതാണ്. 4 ജില്ലകളിലെ ജനങ്ങളുടെ ജീവന് ഗുരുതരമായ ഭീഷണി കരാർ ഉണ്ടാക്കുന്ന സമയത്തില്ല. ആ ഭീഷണി നിലനിൽക്കുന്നതുകൊണ്ട്, ആ ജനങ്ങളുടെ ജീവന് ഏറ്റവും അപകടകരമായി നിലനിൽക്കുന്നതുകൊണ്ട്, 999 വർഷത്തേയ്ക്കുള്ള ഒരു കരാർ നിലനിൽക്കാൻ കഴിയില്ല. മാത്രമല്ല 30 കൊല്ലം കഴിഞ്ഞ് അത് റിവ്യൂ ചെയ്യേണ്ടിയിരുന്ന സന്ദർഭത്തിൽ അത് റിവ്യൂ ചെയ്തില്ല. ഞാൻ അത് ആരുടെയും കുറ്റമാണെന്നൊന്നും പറയുന്നില്ല. അത് ആരുടെയെങ്കിലും കുറ്റംകൊണ്ട് സംഭവിച്ചത് എന്ന നിലയിലേയ്ക്കല്ല ഞാൻ പോകുന്നത്. അതുകൊണ്ട് ഈ കരാർ റദ്ദ് ചെയ്യുക എന്നുള്ളത് പ്രധാനപ്പെട്ട വിഷയമാണ്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭയവിഹ്വലത ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മുല്ലപ്പെരിയാർ കരാറിനെക്കുറിച്ച് 1970-ൽ അത് റിവ്യൂ ചെയ്തതിനെ സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചു. ക്യാബിനറ്റുപോലും അറിയാതെ അന്ന് ചെയ്തതാണ് എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയിട്ടുള്ള ആക്ഷേപം. ആ കരാർ നമ്മുടെ സഭയുടെ മുമ്പിൽ ഉണ്ട്. ആ കരാർ അങ്ങനെയിരിക്കെത്തന്നെ അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. അച്ചുതമേനോനെ തള്ളിപ്പറയുന്ന സൂചനയിൽ ശ്രീ. രാജേന്ദ്രൻ ഇവിടെ സംസാരിക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: 30 കൊല്ലത്തിനുമുമ്പ് 1970-ൽ ഈ കരാർ റിവ്യൂ ചെയ്ത സമയത്ത് വീണ്ടും ഒപ്പു വയ്ക്കുന്നു. ഞങ്ങൾ വീണ്ടും പരിശോധിച്ചു. ഇവിടെ 9th Kerala Legislative Assembly Adhoc Commitee Report on Parambikulam-Mullapperiyar River Water Agreement, 1994 ശ്രീ. ജേക്കബ് ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി, ഈ നിയമസഭ വച്ച ഒരുകമ്മിറ്റിയാണ്. ആ കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പറമ്പിക്കുളം-ആളിയാറും, മുല്ലപ്പെരിയാറും വളരെ വിശദമായി പരിശോധനകൾ നടത്തി ഒരു റിപ്പോർട്ട് ഈ സഭയിൽ വച്ചു. ഉദ്യോഗസ്ഥ തലത്തിൽ നടന്ന ചില ചർച്ചകൾ അതാണ് ഇവിടെ സൂചിപ്പിച്ചത്. തർക്കത്തിന്റെ കാര്യമല്ല അത്. ഉദ്യോഗസ്ഥ തലത്തിൽ നടന്ന ചില ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്ന് നമ്മുടെ ഉദ്യോഗസ്ഥരും തമിഴ്നാട്ടിലെ ഉദ്യോഗസ്ഥരും തമ്മിൽ ഒപ്പുവച്ചു. അവരുടെയൊക്കെ പേരുണ്ട്. അതുകൊണ്ട് ഈ കരാർ 999 വർഷത്തേയ്ക്ക് നിലനിൽക്കുന്നില്ല. അതുകൊണ്ട് ഈ നിയമത്തിൽ നമ്മൾ ഇവിടെ അവതരിപ്പിക്കുന്ന ബില്ലിൽ 30-ാം വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. ഇനിയുള്ളത് നമ്മുടെ ബില്ലിൽ ഉള്ളത് നമ്മുടെ നിയമസഭയിൽ വരും. അതുകൊണ്ടുതന്നെ ഏറ്റവും പ്രധാനപ്പെട്ട ഇതിന്റെ ഭാഗം നിയമസഭ അറിയണം. നിയമസഭയുടെ റെസല്യൂഷൻ വേണം. ഇനി വരാൻ പോകുന്നതും ഇതിൽ ഉയരം കൂട്ടുന്നുണ്ടോ, കുറയ്ക്കുന്നുണ്ടോ എന്ന കാര്യങ്ങളാണ്. നിലവിലുള്ള കരാറുകൾ റിവ്യൂ ചെയ്യാൻ—നിയമസഭയ്ക്ക് മുല്ലപ്പെരിയാർ, പറമ്പിക്കുളം, ശിരുവാണി കരാറുകളൊക്കെ റിവ്യൂ ചെയ്യാനും നമുക്കെതിരാണെങ്കിൽ അവ റദ്ദ് ചെയ്യാനും ആവശ്യമായ പുനഃപരിശോധന നടത്താൻ, നമുക്ക് അധികാരമില്ലെങ്കിൽ ഈ നിയമംകൊണ്ട് നമുക്ക് ഇന്ന് പ്രയോജനമുണ്ടോ? അതുകൊണ്ട് എന്റെ ഒരു സബ്മിഷൻ ഈ 999 വർഷത്തേയ്ക്കുള്ള മുല്ലപ്പെരിയാർ കരാർ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പറ്റുമെങ്കിൽ റദ്ദ് ചെയ്യാനുള്ള സന്ദർഭം നമുക്ക് ഇവിടെ ഉണ്ടാകണം. അതിനുള്ള നടപടിയാണ് ഗവൺമെന്റ് എടുക്കേണ്ടത്. അതിന് കഴിയാവുന്ന വിധത്തിലുള്ള നിയമോപദേശങ്ങൾ സ്വീകരിക്കാവുന്നിടത്തോളം സ്വീകരിക്കണം.

സർ, മറ്റൊന്ന് ഇതിനകത്ത് വളരെ പ്രധാനപ്പെട്ട ഒരു കാര്യംകൂടിയുണ്ട്. "ഇന്റർ ലിങ്കിംഗ്" (നദി സംയോജനവുമായി ബന്ധപ്പെട്ട വിഷയം) ഈ കരാറുകൾ ഉണ്ടാക്കുന്ന കാലത്തില്ല. ഇപ്പോൾ അഞ്ചു ലക്ഷത്തി ഇരുപത്തിയാറായിരം കോടി രൂപയുടെ അന്തർനദി സംയോജനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ വലിയ ഒരു പ്രോജക്ട് സുരേഷ് ബാബു ചെയർമാൻ ആയിട്ടുള്ള ടാസ്ക് ഫോഴ്സ് മുന്നോട്ടു പോകുകയാണ്. സർ, അതിൽ കേരളത്തിലെ നദികളും ഉൾപ്പെട്ടിരിക്കുന്നു. നമ്മൾ കഴിഞ്ഞ ദിവസം ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. ആ സാഹചര്യംകൂടി വച്ചുകൊണ്ട് അത്തരം ഒരു കരാർ കൂടി വരുന്നത് കേരളത്തിലെ നദീജല സമ്പത്തിനെ സംബന്ധിച്ച്, നദീജലം നഷ്ടപ്പെടുന്നതിനെ സംബന്ധിച്ച് ഏകപക്ഷീയമായി കേന്ദ്ര ഗവൺമെന്റ് തമിഴ്നാടുമായി ചേർന്ന് രാഷ്ട്രീയമായ ചില തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് എതിരായിട്ട് വരുമ്പോൾ കേരളത്തിന്റെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കാൻ കഴിയണമെങ്കിൽ നമ്മൾ ഇവിടെ ഈ നിയമസഭയിൽ ഏകകണ്ഠമായി ഒരുമിച്ച് നിന്നുകൊണ്ട് ഇത്തരം കരാറുകളുടെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാനും നമുക്ക് ദോഷകരമായ, അപകടകരമായ വകുപ്പുകൾ എടുത്തുകളയാനും, റദ്ദാക്കേണ്ടത്, റദ്ദാക്കാനും നമുക്ക് കഴിയണം. സുപ്രീംകോടതിയിൽ കേസ് നിൽക്കട്ടെ, സുപ്രീംകോടതിയിലെ കേസിൽത്തന്നെ നമുക്ക് അനുകൂലമായ ഒരു നിലപാട് ഉണ്ടാകണമെങ്കിൽ, നമ്മുടെ കേസുകൾ ഇവിടെ സമർത്ഥമായി വാദിക്കണമെങ്കിൽ, കേരള നിയമസഭയിൽ ഏകകണ്ഠമായി ഒരു നിയമം പാസ്സാക്കി ഒരു നിയമനിർമ്മാണം നടത്തിയെന്ന് വരണം. അങ്ങനെ വരുമ്പോൾ ആൾ പാർട്ടി മീറ്റിംഗിൽ ഉണ്ടായ പൊതുധാരണയും

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിലെ പ്രമേയം പാസാകുമ്പോൾ ഉണ്ടായ ധാരണയുടെയും അടിസ്ഥാനത്തിൽ വരണമെങ്കിൽ മുപ്പതാമത്തെ വകുപ്പു കഴിഞ്ഞ് നമുക്ക് ഒരു പുതിയ വകുപ്പ് ഉണ്ടാക്കണം. ഈ കരാറുകളെ സംബന്ധിക്കുന്ന വകുപ്പ് ഉണ്ടായില്ലായെങ്കിൽ നമുക്ക് അത് ഗുണത്തിന് പകരം ദോഷം ചെയ്യും. അതുപോലെതന്നെ അന്തർനദി സംയോജനവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ചില നിയമവ്യവസ്ഥകൾ ഇതിൽ ഉണ്ടാകണം. ഇതിൽ ഹൈക്കോടതി റിട്ടയേർഡ് ജഡ്ജി ചെയർമാൻ ആയിട്ടുള്ള ഒരു അതോറിറ്റി വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ബഹുമാനപ്പെട്ട മിനിസ്റ്റർ, കെ. എസ്. ഇ. ബി. ചെയർമാൻ, സി. സി. എഫ്, അത്യാവശ്യം ഉള്ളവരെയൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ട് ആ സേഫ്റ്റി കൗൺസിൽ (അതോറിറ്റി) വേണം. അഡ്വൈസറി സ്വഭാവമുള്ള ഒരു കമ്മിറ്റി വേണമെന്ന് ഞങ്ങൾ അന്ന് പറഞ്ഞതാണ്. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട മിനിസ്റ്ററും ഉൾക്കൊള്ളുന്ന, ഒരു അഡ്വൈസറി കമ്മിറ്റികൂടി വേണം. അത് റൂൾസ് ഉണ്ടാക്കുമ്പോൾ ആലോചിച്ചാൽ നന്നായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾ പറഞ്ഞ ഒരുപാട് നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ അംഗീകരിച്ചതിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. എന്നാൽ പ്രധാനപ്പെട്ട വിഷയത്തിൽ നമുക്ക് വിയോജിപ്പ് ഉണ്ട്. ആ വിയോജിപ്പ് എത്രത്തോളം കുറയ്ക്കാൻ കഴിയുമെന്ന് ക്ലാസ് ബൈ ക്ലാസ് ചർച്ചയിൽ ഇവിടെ പ്രകടിപ്പിക്കണം. സെസ് പൂർണ്ണമായി ഒഴിവാക്കണം. ഈ കരാറുകൾ പുനരവലോകനം ചെയ്യാനുള്ള അധികാരം നമ്മുടെ നിയമസഭയ്ക്ക് ഉണ്ടാകണം. അതിനുകൂടെ കഴിയുന്ന വിധത്തിൽ ഈ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. അതിന്റെ അടിസ്ഥാനത്തിലാണ് വിയോജനക്കുറിപ്പ് എഴുതി ചില കാര്യങ്ങൾ പറഞ്ഞത് എന്നു പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. രാജു എബ്രഹാം: സർ, അല്പം വൈകിയാണെങ്കിലും ഈ നിയമം സഭയിൽ അവതരിപ്പിച്ചതിനെ എല്ലാവരും സ്വാഗതം ചെയ്യുകയാണ്. ഇവിടെ നമ്മുടെ പ്രതിപക്ഷ നേതാവടക്കം നമ്മുടെ സംസ്ഥാനത്തിന്റെ ജലദൗർലഭ്യത്തെത്തുടർന്ന് മേക്കര അണക്കെട്ടു സന്ദർശിക്കുകയും അതുപോലെതന്നെ മറ്റു വിഷയങ്ങളെല്ലാം ഉയർത്തുകയും ചെയ്തതിനെത്തുടർന്ന് നമ്മുടെ സംസ്ഥാനത്തെ നദീജല സംരക്ഷണത്തെ സംബന്ധിച്ചുള്ള ഒരു പുതിയ അവബോധം തന്നെ ഉണ്ടാവുകയും ഏറ്റവും ഒടുവിൽ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി മുൻകയ്യെടുത്തുകൊണ്ട് ഇത്തരത്തിൽ ഒരു നിയമനിർമ്മാണത്തിലേയ്ക്ക് വരികയും ചെയ്തിരിക്കുന്ന സാഹചര്യമാണ്. പക്ഷെ നമ്മൾ പ്രതീക്ഷിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ ഈ നിയമനിർമ്മാണത്തോടുകൂടി സാധ്യമാകുന്നില്ല എന്നുള്ള ഒരു വിപരീത ഫലവും ഈ ബില്ലിനെത്തുടർന്ന് ഇപ്പോൾ ഉണ്ടാകുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. എല്ലാ കാര്യങ്ങളും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. നമ്മൾ കാണേണ്ട പ്രധാനപ്പെട്ട ഒരു പ്രശ്നം നമ്മുടെ സംസ്ഥാനം സൗജന്യമായിട്ട് തമിഴ്നാടിന് വെള്ളം കൊടുക്കുകയാണ്. ഇങ്ങനെ ഇൻഡ്യാ രാജ്യത്ത് എതെങ്കിലും ഒരു സ്റ്റേറ്റ് മറ്റു സ്റ്റേറ്റുകൾക്ക് സൗജന്യമായിട്ട് വെള്ളം കൊടുക്കുന്നുണ്ടോ? വളരെ പ്രധാനമായിട്ടുള്ള പ്രശ്നമാണ്. ഞാൻ ഇതിനുമുമ്പ് ഈ സഭയിൽ കാളിംഗ് അറ്റൻഷനിലൂടെ ഉന്നയിച്ച പ്രശ്നമാണ്. ആന്ധ്രാപ്രദേശിൽനിന്നും തമിഴ്നാട് വാങ്ങുന്ന വെള്ളത്തിന് ഏതാണ്ട് മൂന്നുകോടി രൂപയാണ് തമിഴ്നാട് പ്രതിഫലമായി നൽകുന്നത്. അത്തരത്തിൽ നോക്കുകയാണെങ്കിൽ ഏറ്റവും മിനിമം നമ്മുടെ സംസ്ഥാനം ഇപ്പോൾ കൊടുക്കുന്ന വെള്ളത്തിന് പ്രതിവർഷം പത്തുമുന്നൂറ് കോടി ഉറുപ്പിക നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതല്ലേ നമ്മുടെ പ്രധാനപ്പെട്ട പ്രശ്നം. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം പത്തു മുന്നൂറു കോടി രൂപ ഒരു വർഷം കിട്ടേണ്ട സ്ഥാനത്ത് നമുക്ക് നയാപൈസ കിട്ടുന്നില്ല എന്നുള്ള യാഥാർത്ഥ്യമാണ് ഇന്ന് കാണാൻ കഴിയുന്നത്. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. വൈദ്യുതിയുടെ വിലയുമായിട്ട് നോക്കുകയാണെങ്കിൽ ഇതിന്റെയൊക്കെ എത്രയോ ഇരട്ടി തുകയാണ് നമ്മുടെ സ്റ്റേറ്റിലേയ്ക്ക് നമുക്ക് കിട്ടേണ്ടത്. അപ്പോൾ നമ്മുടെ രാജ്യത്തെ ഏത് കീഴ്വഴക്കം അനുസരിച്ചാണെങ്കിൽപ്പോലും ഏത് കരാറുകളും റിവ്യൂ ചെയ്യപ്പെടാം. അതുകൊണ്ട് അത്തരത്തിലുള്ള ഒരു റിവ്യൂ ഈ കരാറിന്റെ കാര്യത്തിൽ ഉണ്ടാകണം എന്നുള്ളതാണ് എനിക്ക് പ്രധാനമായിട്ട് ചൂണ്ടിക്കാണിക്കാനുള്ളത്. അതോടൊപ്പംതന്നെ നമ്മുടെ വെള്ളത്തിന്റെ വില നമുക്ക് ഈടാക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു നിയമ നിർമ്മാണം നടത്തുകയാണെങ്കിൽ മാത്രമേ നമുക്ക് ഈ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും സ്റ്റേറ്റിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയുള്ളൂ. തമിഴ്നാട് ഏതാണ്ട് എൺപത്തിയോരായിരത്തി തൊള്ളായിരം ഹെക്ടർ സ്ഥലത്ത് മുല്ലപ്പെരിയാറിലെ ജലം ഉപയോഗിക്കുന്ന ഒരു അവസ്ഥയുണ്ട്. സർ, അവിടെ അവർ ഉപയോഗിക്കട്ടെ. പക്ഷെ എങ്കിൽ നമുക്ക് ആകെയിപ്പോൾ കിട്ടുന്നത് 3 പൈസമാത്രമാണ്. അതും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ മാത്രം മൂന്ന് പൈസ എന്നൊക്കെ പറയുന്നത് തന്നെ നമുക്ക് ഒരു ആക്ഷേപകരമായിട്ടുള്ള സംഗതിയായിട്ട് നിൽക്കുകയാണ്. ഇക്കാര്യം നമുക്ക് സുപ്രീംകോടതി മുമ്പാകെ കൊണ്ടുവരാം. പക്ഷെ നമുക്ക് കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ടോ? ഇപ്പോൾത്തന്നെ രണ്ടുവർഷക്കാലം മുമ്പ് ഡൽഹിയിൽ നമുക്ക് വേണ്ടി ഹാജരാകുന്ന വക്കീലൻമാർ നമ്മളോട് പറഞ്ഞത്, ഒരു പ്രമേയം യുനാനിമസ് ആയിട്ട് പാസ്സാക്കിക്കൊടുക്കണമെന്നാണ്. നമ്മൾ എന്നാണ് പ്രമേയം പാസ്സാക്കിയത്. നമ്മൾ പ്രമേയം പാസ്സാക്കിയിട്ട് ഒരാഴ്ച മാത്രമേ ആകുന്നുള്ളൂ. അപ്പോൾ ഇത്ര സുപ്രധാനമായിട്ടുള്ള തീരുമാനമെടുക്കാൻ വൈകുന്നതുമൂലം ഉണ്ടാകുന്നത് ഗുരുതരമായിട്ടുള്ള പ്രശ്നമാണ്. ഇപ്പോൾ മുഖ്യമന്ത്രി അദ്ധ്യക്ഷനായിട്ടുള്ള നമ്മുടെ കൗൺസിൽ ഇവിടെയുണ്ട്. നമ്മുടെ നദീജലപ്രശ്നങ്ങൾ ചർച്ച ചെയ്യാനാണ്. ഇന്നേവരെ കൂടിയിട്ടില്ല. നമ്മുടെ സ്റ്റേറ്റ് നദീജലത്തിന്റെ കാര്യത്തിൽ എടുക്കുന്ന സമീപനം, പണ്ട് വളരെ വർഷങ്ങൾക്ക് മുമ്പ് നമ്മുടെ സ്റ്റേറ്റിൽ ധാരാളം വെള്ളമുണ്ടായിരുന്ന സന്ദർഭമാണ്. അന്ന് ഒരുപക്ഷെ ഈ ജലദൗർലഭ്യം ഉണ്ടാകുമെന്ന് ആരും കരുതിയിട്ടുണ്ടാകില്ല. കോഴിക്കോട് E.W.R.E. പറയുന്നത് എന്താണ്? 2050 ആകുമ്പോഴേയ്ക്കും നമ്മുടെ നദികളിൽ വെള്ളത്തിന്റെ കഠിനമായിട്ടുള്ള ഷോർട്ടേജ് ഉണ്ടാകുമെന്നാണ്. അങ്ങനെ ഷോർട്ടേജ് ഉണ്ടായിക്കഴിയുമ്പോൾ പ്രധാനമായിട്ടും അത് ബാധിക്കുന്നത് നമ്മുടെ നദികളെയാണ്. പ്രധാനമായിട്ടും വേമ്പനാട് കായലിനെ ബധിക്കും. കുട്ടനാടിനെ ബാധിക്കും, മധ്യതിരുവിതാംകൂറിനെ ബാധിക്കും, നമ്മുടെ ശബരിഗിരി പദ്ധതിയെ ബാധിക്കും. ശബരിമലയെ ബാധിക്കും. അവിടെ തീർത്ഥാടകർക്ക് സ്നാനം ചെയ്യാൻ പോലുമുള്ള വെള്ളം കിട്ടില്ല. അത്തരം ഗുരുതരമായിട്ടുള്ള ഒരു പ്രശ്നം നമ്മുടെ മുമ്പിൽ അവശേഷിക്കുകയാണ്. 4500 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളത്തിന്റെ ഷോർട്ടേജ് 2050 ഓടുകൂടി ഉണ്ടാകുമെന്നാണ് E.W.R.E. നൽകിയിരിക്കുന്ന ഒരു പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നത്. സർ, ഇവിടെ പഴയ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ഇപ്പോൾ തമിഴ്നാടിന്റെ വാദഗതി വരുന്നത്. തമിഴ്നാടിന്റെ വാദഗതി എല്ലാ വിഷയത്തിലും നമുക്ക് അംഗീകരിക്കാൻ കഴിയുകയില്ല. ഇപ്പോൾ കാവേരി ഇഷ്യൂവിൽ തമിഴ്നാട് പറയുന്നത് Inter Basin Transfer തമിഴ്നാട് അംഗീകരിക്കുന്നില്ല എന്നാണ്. കാവേരിയിൽനിന്ന് നമുക്ക് 99 ടി.എം.സി. വെള്ളമാണ് കിട്ടേണ്ടത്. 5 ടി.എം.സി. വെള്ളം മാത്രമേ കിട്ടുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

സർ, 127 ടി.എം.സി. വെള്ളം അപ്പുറത്തേയ്ക്ക് പോകുകയാണ്, എന്താണ് തമിഴ്നാട് പറയുന്നത് Inter Basin Transfer ഞങ്ങൾ സമ്മതിക്കുകയില്ല. അങ്ങനെയാണെന്നുണ്ടെങ്കിൽ ഈ Inter Basin Transfer-ന്റെ അടിസ്ഥാനത്തിൽ തന്നെയാണ് നമ്മുടെ നദികളിലെ ജലം ഇപ്പോൾ അപ്പുറത്തേയ്ക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള വാദഗതികൾ നിലനിൽക്കുന്നതല്ല എന്നുള്ള തരത്തിലേയ്ക്ക് നമുക്കുള്ള ശക്തമായിട്ടുള്ള ആർഗ്യൂമെന്റ് നമുക്ക് കൊണ്ടുവരാൻ കഴിയുന്നില്ലായെങ്കിൽ സ്വാഭാവികമായും നമുക്ക് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഏറ്റെടുക്കാൻ കഴിയുകയില്ല. അതോടൊപ്പംതന്നെ നമുക്ക് പരിശോധനാ സംവിധാനങ്ങൾ ഉണ്ടാകണം. നമ്മുടെ വെള്ളം ഊറ്റിക്കൊണ്ടു പോകുന്നത് അച്ചൻകോവിൽ മുതൽ ഉറാനിവരെയുള്ള ഭാഗത്തെങ്ങും പരിശോധിക്കാൻ യാതൊരു സംവിധാനങ്ങളുമില്ല. നിയമസഭാ സമിതി മുല്ലപ്പെരിയാർ സന്ദർശിച്ചപ്പോൾ തമിഴ്നാട്ടിലെ ഒരു വ്യക്തി അനൗദ്യോഗികമായിട്ട് പറഞ്ഞത് പത്തിരുപത് സ്ഥലങ്ങളിൽനിന്നും ചെറുതോടുകളിൽക്കൂടി ജലം തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്നു എന്നാണ്. അടുത്ത സമയത്ത് ഉദ്യോഗസ്ഥൻമാർ കറുപ്പാർ ഡാമിൽ പോയിനോക്കി. കറുപ്പാർ ഡാമിൽ വെള്ളമില്ല എന്നുള്ള റിപ്പോർട്ട് ഇവിടെ വന്നിട്ടുണ്ട്. ഇപ്പോൾ അവിടെ വേനൽക്കാലമാണ്. അവിടെ കാര്യമായിട്ടുള്ള മഴയില്ല. അവിടെ സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലാണ് കാലവർഷം തുടങ്ങുന്നത്. ഇപ്പോൾ ഇത്തരം സംവിധാനങ്ങൾ പരിശോധിക്കാനുള്ള എന്ത് സംവിധാനങ്ങൾ നമുക്ക് ഉണ്ട്. ഇപ്പോൾ അച്ചൻകോവിലിൽത്തന്നെ മൂന്ന് റേഞ്ചോഫീസുകൾ ഉണ്ട്. മൂന്നിന്റേയും ഓഫീസ് അച്ചൻകോവിലിലാണ്. അതിന് പുറത്തേയ്ക്കുള്ള വിസ്തൃതമായിട്ടുള്ള ഒരു മേഖലയിൽ യാതൊരു പരിശോധനയും ഇല്ല. ബഹുമാനപ്പെട്ട മന്ത്രി പലവട്ടം നിയമസഭയിൽ പറയുകയുണ്ടായി, അവിടെ പരിശോധിക്കാൻ എം.എൽ.എ.-മാരുടെ ഒരു സംഘം..... സ്വാഗതാർഹമാണ്. എം.എൽ.എ.-മാരും പത്ര പ്രതിനിധികളും, ഉദ്യോഗസ്ഥന്മാരും ഒക്കെ അടങ്ങുന്ന ഒരു സംഘം അവിടെ പോയി പരിശോധിക്കാൻ തയ്യാറാണ്. യാതൊരു വൈഷമ്യവും ഉള്ള കാര്യമല്ല. പക്ഷെ അതിനു മുമ്പായിട്ട് ഒരു സ്റ്റേറ്റ് ശമ്പളം കൊടുക്കുന്ന ആളുകളെക്കൊണ്ട് ഇത്തരം കാര്യങ്ങൾ പരിശോധിക്കാനും നിയന്ത്രിക്കാനും നമുക്ക് സംവിധാനമുണ്ടാകണ്ടേ.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിൽനിന്നും തമിഴ്നാട്ടിലേയ്ക്ക് വെള്ളം ചോർത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ നമ്മുടെ പല ഉദ്യോഗസ്ഥന്മാർക്കും അതുപോലെതന്നെ രാഷ്ട്രീയ നേതാക്കന്മാർക്കും എതിർപ്പില്ലെന്നു മാത്രമല്ല അവർക്ക് താല്പര്യമേയുള്ളൂ. കാരണം ഉദ്യോഗസ്ഥന്മാർക്കും രാഷ്ട്രീയ നേതാക്കന്മാർക്കും തമിഴ്നാട്ടിൽ ഭൂമിയുള്ളതുകൊണ്ട് വെള്ളം ചോർത്തിക്കൊണ്ടുപോകുന്നതിൽ അവർക്ക് താല്പര്യമേയുള്ളൂ എന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. രാജു എബ്രഹാം: സർ, ഉദ്യോഗസ്ഥന്മാർക്കും രാഷ്ട്രീയ നേതാക്കന്മാർക്കും അവിടെ ഭൂമി ഉണ്ടോയെന്ന് എനിക്കറിയില്ല. മലയാള മനോരമ ദിനപ്പത്രത്തിലെ പിന്നാമ്പുറത്തിൽ വന്ന ഒരു കഥ രണ്ടാഴ്ച മുമ്പ് ഞാൻ വായിക്കുകയുണ്ടായി. പമ്പ, അച്ചൻകോവിലാറുകളിലെ വെള്ളം അവിടെ പോയില്ലെങ്കിൽ പല ആളുകളും ആത്മഹത്യ ചെയ്യുമെന്ന്. 2002-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ജലനയത്തിൽ എന്താണ് പറയുന്നത്. അതാത് സംസ്ഥാനത്തിന്റെ ആവശ്യം കഴിഞ്ഞതിനുശേഷം മാത്രമേ മറ്റു സംസ്ഥാനങ്ങൾക്ക് വെള്ളം കൊടുക്കാൻ പാടുള്ളൂ എന്ന് കേന്ദ്ര ഗവൺമെന്റിന്റെ നിയമമുണ്ട്. എന്തുകൊണ്ട് നമുക്കിത് വർക്കൗട്ട് ചെയ്തുകൂടാ. ഇടുക്കി ഡാമിൽ ഇപ്പോൾ 30 ശതമാനം വെള്ളമേയുള്ളൂ. ശബരിഗിരി പദ്ധതിയിൽ 25 ശതമാനം വെള്ളം മാത്രമേയുള്ളൂ. ഇത് മാത്രം പോരേ.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പ്രശ്നം സുപ്രീംകോടതിയുടെ മുമ്പിലാണെങ്കിലും കേന്ദ്ര ജല അതോറിറ്റിയുടെ മുമ്പിലാണെങ്കിലും അവതരിപ്പിക്കാൻ ഇതിൽക്കൂടുതൽ വേറെ എന്ത് തെളിവുകൾ വേണം. മഴക്കാലം കഴിയാറായി. നമുക്ക് എവിടെനിന്ന് കറണ്ട് കിട്ടും? കൂടംകുളത്തെ ആണവ നിലയത്തെ ആശ്രയിക്കേണ്ട ഗതികേടിലേയ്ക്ക് നമ്മുടെ സ്റ്റേറ്റ് പോകില്ലേ? ഡാം സേഫ്റ്റി അതോറിറ്റി, അതൊരു ഉപദേശക സമിതിപോലെ ആകരുത്. റെഗുലേറ്ററി കമ്മീഷൻ പോലെയുള്ള അധികാരം അതിന് കൊടുക്കണം. എവിടെ തടയണ ഉണ്ടെങ്കിലും ഉത്തര വിട്ടാൽ അത് പൊളിച്ചിരിക്കണം. അത്തരത്തിലുള്ള അധികാരങ്ങൾ കൊടുക്കണം. അതു പോലെതന്നെ ഡെപ്യൂട്ടേഷനിൽ പോകുന്ന എഞ്ചിനീയർമാർ, തങ്ങളുടെ മദർ ഡിപ്പാർട്ടുമെന്റിൽനിന്നും അങ്ങോട്ട് പോകാതെ, ഓംബുഡ്സ്മാനിൽ വിട്ടതുപോലെ സ്ഥിരമായി ഒരു അതോറിറ്റി വരുന്ന കാര്യത്തെപ്പറ്റിയാണ് നമുക്ക് ആലോചിക്കേണ്ടത്. ഈ നിയമനിർമ്മാണംകൊണ്ട് ആശിച്ച നമ്മുടെ കാര്യങ്ങൾ നടന്നില്ല എന്നുള്ള സാഹചര്യത്തിൽ ഇത്തരം ഗൗരവതരമായ പ്രശ്നങ്ങൾകൂടി കണക്കിലെടുക്കണം. അതുപോലെ കൊടുക്കുന്ന വെള്ളത്തിന് കാശ് വാങ്ങാനുള്ള നടപടി സ്വീകരിച്ചുകൊണ്ട്, നമ്മൾ എ.ഡി.ബി.-യുടെ പുറകേ പോകാതെ, ഏഴായിരം കോടി രൂപ—വെള്ളം വിറ്റാൽ മാത്രം, നമുക്കുണ്ടാക്കാൻ പറ്റും. ഗൾഫ് ഏരിയ വളർന്നതുപോലെ നമ്മുടെ വെള്ളം കച്ചവടം ചെയ്താൽ മാത്രം നമുക്ക് വളരാൻ കഴിയും എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ കേരളത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ ഉപകാരപ്രദമല്ല. അതുകൊണ്ട് കേരളത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കുവാൻ കഴിയുന്ന രൂപത്തിൽ ഒട്ടനവധി ഭേദഗതികൾ ഈ ബില്ലിൽ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത്തരത്തിലുള്ള പല ഭേദഗതികളും അംഗീകരിക്കുകയുണ്ടായി. എന്നാൽ, വളരെ പ്രധാനമായിട്ടുള്ള, നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ മുറുകെ പിടിക്കാൻ കഴിയുന്ന ചില വകുപ്പുകൾ നിയമവകുപ്പിന്റെ നിർദ്ദേശങ്ങൾക്കു വിധേയമായി അദ്ദേഹം അംഗീകരിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ ജലം സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി മേക്കര ഡാം സന്ദർശിക്കുകയുണ്ടായി. മേക്കര ഡാം സന്ദർശിക്കാനിടയാക്കിയത്, നമ്മുടെ ജലം തമിഴ്നാട് കടത്തിക്കൊണ്ടു പോകുന്നു എന്നത് സംബന്ധിച്ചാണ്. ഞങ്ങൾ അവിടെപ്പോയി നോക്കിയപ്പോൾ അവിടത്തെ ആളുകളിൽനിന്നും ലഭ്യമായ വിവരം, 3200 മില്ലീമീറ്റർ മഴ പെയ്യുന്ന ഒരു പ്രദേശമാണ്. നല്ല മഴ ലഭിച്ചിട്ടും തെന്മല അണക്കെട്ടിലേയ്ക്കുള്ള നീരൊഴുക്ക് കുറഞ്ഞിരിക്കുന്നു. അണക്കെട്ടിന്റെ ശേഷിയുടെ 15 ശതമാനം മാത്രം വെള്ളമേ നല്ല മഴ പെയ്തിട്ടും തെന്മല അണക്കെട്ടിൽ സ്വരൂപിക്കാൻ കഴിഞ്ഞുള്ളൂ. മഴക്കാലത്ത് നിറഞ്ഞൊഴുകുന്ന തെന്മല അണക്കെട്ട് ഇപ്പോൾ വരണ്ട് കിടക്കുകയാണ്. തെന്മല അണക്കെട്ടിലേയ്ക്കും മേക്കര അണക്കെട്ടിലേയ്ക്കും വെള്ളമൊഴുകുന്നത് അച്ചൻകോവിൽ മലകളിലൂടെയാണ്. ഈ രണ്ട് അണക്കെട്ടുകളിലും ഈ മല മുഖാന്തിരമാണ് വെള്ളം വരുന്നത്. എന്നാൽ മേക്കര അണക്കെട്ടിൽ വെള്ളം കിട്ടുന്നു. തെന്മല അണക്കെട്ടിൽ വെള്ളം കിട്ടുന്നില്ല. എന്ത് അത്ഭുതമാണ്. അതിന്റെ അർത്ഥം, എന്തോ അവിടെ സംഭവിച്ചിരിക്കുന്നു. അതിനെക്കുറിച്ച് നമ്മൾ സംശയിക്കേണ്ട രൂപത്തിലാണ്. പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പറമ്പിക്കുളം-ആളിയാർ കരാർ 1970 മേയ് മാസം 30-നാണ് പുതുക്കിയത്. 30 വർഷക്കാലത്തേയ്ക്കാണ് പുതുക്കിയത്. പറമ്പിക്കുളത്തെ വെള്ളം പ്രധാനമായിട്ടും ഉപയോഗിക്കേണ്ടത് പാലക്കാട്, തൃശൂർ ജില്ലകളിലാണ്. പാലക്കാട് ജില്ലയുടെ കിഴക്കൻ

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളിൽ വർഷകാലത്തുപോലും ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കേണ്ട സ്ഥിതിയാണ് നിലനിൽക്കുന്നത്. അവിടത്തെ കൃഷി പലപ്പോഴും ഉണങ്ങിപ്പോകുന്നു. കൃഷിക്കാർ കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. നമ്മുടെ കൃഷിക്കാർക്ക് ആവശ്യമായ സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടി നമുക്ക് കഴിയുന്നില്ല. നമ്മുടെ വെള്ളം തമിഴ്നാട് കടത്തിക്കൊണ്ടുപോകുന്നു. എന്നിട്ടും നമ്മുടെ ആളുകൾ പറയുന്ന പഴമൊഴി, നമ്മളൊക്കെ മടിയന്മാരാണ്, മണ്ണിൽ പണിയെടുക്കാൻ നമുക്ക് കഴിയില്ല, അതുകൊണ്ട് നമ്മുടെ സംസ്ഥാനം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു എന്നൊക്കെയാണ്. യഥാർത്ഥത്തിൽ വസ്തുത വേറെയാണ്. നമ്മുടെ സൗകര്യങ്ങൾ കൃത്യമായി ഉപയോഗിക്കാൻ കഴിയാത്ത ഒരു അവസ്ഥയിലേയ്ക്ക് വന്നിരിക്കുകയാണ്. പറമ്പിക്കുളം-ആളിയാർ കരാർ, 30 വർഷത്തെ കരാർ ഇതുവരെ പുതുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. 2003 ആയിട്ടും പറമ്പിക്കുളം-ആളിയാറിനെ സംബന്ധിച്ച യാതൊരു ചർച്ചയും ഇതുവരെ നടത്തിയിട്ടില്ല. മുല്ലപ്പെരിയാർ കരാറിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. 106 വർഷം പഴക്കമുള്ള ഡാമാണ്. സുർക്ക ഉപയോഗിച്ചാണ് ഡാം നിർമ്മിച്ചിരിക്കുന്നത്. 999 വർഷത്തേയ്ക്ക് വെള്ളം എടുക്കാനുള്ള അനുമതി അവർക്ക് കൊടുത്തിരിക്കുന്നു. മുല്ലപ്പെരിയാർ ഡാമും അപകടാവസ്ഥയെ നേരിടുകയാണ്. അതിന് ചോർച്ചയുണ്ട്. ഏത് നിമിഷവും തകർച്ച സംഭവിക്കാൻ സാദ്ധ്യതയുണ്ടെന്ന് ഒട്ടനവധി വിദഗ്ദ്ധന്മാരുടെ അഭിപ്രായം വന്നിട്ടുണ്ട്. ആ ഡാമിന് താഴെയുള്ള ആളുകൾ ഭയപ്പെട്ടാണ് ജീവിക്കുന്നത്. എന്നിട്ടും ആ ഡാമിന്റെ ഉയരം വർദ്ധിപ്പിക്കാൻ, കൂടുതൽ ജലം സംഭരിക്കാൻ, നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഒഴുകിവരുന്ന വെള്ളം ഇല്ലാതാക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇപ്പോൾ നടന്നുവരുന്നു. അത്തരത്തിലുള്ള ഒരു സംവിധാനം ഇല്ലാതാക്കാനും, ആ വെള്ളം നമ്മുടെ സംസ്ഥാനത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്നവിധത്തിൽ, നിലവിലുള്ള കരാറിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ഏത് രൂപത്തിലാണെങ്കിലും ഇപ്പോൾ ഉണ്ടാക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ ആ വെള്ളത്തെ നമുക്ക് ഉപയോഗപ്പെടുത്താൻവേണ്ടി ശ്രമിക്കണം. ജലസമ്പത്തിന്റേയും വൈദ്യുതിയുടേയും കാര്യത്തിൽ മിച്ച സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനമെന്ന ധാരണയിൽ ധാരാളം വ്യവസായങ്ങൾ നമ്മൾ ഇവിടെ ആരംഭിച്ചു. ഇന്ന് ഏറ്റവും കൂടുതൽ വൈദ്യുതിക്ക് ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണ് നമ്മുടെ സംസ്ഥാനം. കേരളത്തിൽ 3,000 മില്ലീമീറ്റർ മഴ ലഭിക്കുന്നുണ്ട്. ദേശീയ ശരാശരി അനുസരിച്ച് 1,190 മില്ലീമീറ്ററാണ് മഴ ലഭിക്കേണ്ടത്. ഇതിൽ 40 ശതമാനം വെള്ളം ഒഴുകിപ്പോകുന്നു. ഈ ജലത്തെ സംരക്ഷിക്കാൻ ഫലപ്രദമായ ഒരു നിയമം നമ്മുടെ സംസ്ഥാനത്തില്ല. 1997-ൽ ആന്ധ്രാപ്രദേശിൽ ഒരു നിയമം കൊണ്ടുവന്നു. ഡാമുകളെ സംരക്ഷിക്കുവാൻ ഇത്തരത്തിലുള്ള ഒരു നിയമം കൊണ്ടുവന്നു.തമിഴ്നാട്ടിൽ 1999-ൽ അവിടത്തെ കൃഷിക്കാരെകൂടി സംഘടിപ്പിച്ചുകൊണ്ട് ഒരു ജലസംരക്ഷണ ബിൽ തമിഴ്നാട് പാസ്സാക്കി. ഇവിടെ ഡാം സേഫ്റ്റി ഓർഗനൈസേഷൻ എന്നു പറയുന്ന ഒരു ആക്ട് നമ്മൾ കൊണ്ടുവന്നു. യാതൊരു പ്രവർത്തനവും അതിന്റെ ഭാഗമായിട്ട് നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഫലത്തിൽ ഇപ്പോൾ നമുക്ക് ജലസമ്പത്ത് വേണ്ട രൂപത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. മറ്റുള്ള സംസ്ഥാനങ്ങൾ ഇത് കടത്തിക്കൊണ്ടുപോകുന്നതിന്റെ ഭാഗമായി നാം ഇപ്പോൾ ഒട്ടനവധി പ്രയാസങ്ങൾ നേരിടുകയാണ്. മുല്ലപ്പെരിയാർ, പറമ്പിക്കുളം-ആളിയാർ കരാറുകളുടെ ഭാഗമായിക്കൊണ്ട് പ്രതിവർഷം ആയിരം കോടി രൂപയുടെ നഷ്ടം ഇപ്പോൾ നാം നേരിട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വേനൽക്കാലത്ത് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിച്ചു. ഇടുക്കി ഡാമിൽ ജലത്തിന്റെ കുറവു വന്നാൽ വൈദ്യുതി ഉല്പാദനം കുറയും. അതിന്റെ ഭാഗമായി വൈദ്യുതി വിതരണ രംഗത്ത് വലിയ പ്രതിസന്ധി നേരിടും. നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി ഉപയോഗിച്ചുള്ള ഒട്ടനവധി വ്യവസായങ്ങൾ പ്രതിസന്ധിയിലായി. വൈദ്യുതി വിതരണത്തിൽ നമ്മൾ വലിയ ബുദ്ധിമുട്ടനുഭവിച്ചു. നമ്മുടെ സംസ്ഥാനം കുടിവെള്ളത്തിനും വൈദ്യുതിക്കും പ്രയാസങ്ങൾ അനുഭവിക്കുകയാണ്. നമുക്ക് ലഭ്യമാകേണ്ട സൗകര്യങ്ങൾ മറ്റ് സംസ്ഥാനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന അവസ്ഥ ഉണ്ടാകുന്നു. ഇത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം തുടർന്നുകൊണ്ടുപോകാൻ കഴിയുമോ? അത് അവസാനിപ്പിക്കാനാവശ്യമായ നിയമം ഈ ബില്ലിൽ കൊണ്ടു വരേണ്ടതില്ലേ?

ശ്രീ. കളത്തിൽ അബ്ദുള്ള: ബഹുമാനപ്പെട്ട തൃത്താല മെമ്പർ വളരെ പ്രസക്തമായ കാര്യങ്ങളാണ് പറയുന്നത്. അതിലൊരു പ്രധാനപ്പെട്ട കാര്യം, അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ തിരുവേഗപ്പുറം പഞ്ചായത്ത്, കപ്പൂർ പഞ്ചായത്ത്, ആനക്കര പഞ്ചായത്ത് എന്നിവയ്ക്കുകൂടി ഗുണപരമായ രീതിയിൽ കാവേരിയുടെ ട്രിബ്യൂട്ടറിയായ ഭവാനി നദിയിലെ വെള്ളം ഒരു ചെറിയ ടി.എം.സി. തിരിച്ചാൽ അദ്ദേഹത്തിന് മാത്രമല്ല പാലക്കാട്, മലപ്പുറം ജില്ലകളിലെ പത്തോളം നിയോജകമണ്ഡലങ്ങൾക്ക് ഗുണകരമാകും. മണ്ണാർക്കാട് ഒരു പഞ്ചായത്തിന് മാത്രമാണ്, ബാക്കി മുഴുവൻ അവർക്കാണ് (പാലക്കാട്) കിട്ടുന്നത്. അതുകൊണ്ടുതന്നെ അങ്ങയുടെ നിയോജകമണ്ഡലത്തിനും എന്റെ നിയോജകമണ്ഡലത്തിനും ഗുണം കിട്ടുന്ന രീതിയിൽ എൽ.ഡി.എഫ് കക്ഷികളെകൊണ്ട് ഒരു യോജിച്ച തീരുമാനം ഈ പദ്ധതിക്ക് അനുകൂലമായി എടുക്കാൻ അങ്ങ് മുന്നോട്ട് വരുമോ?

ശ്രീ. വി.കെ. ചന്ദ്രൻ: ചക്ക എന്നു പറയുമ്പോൾ കൊക്ക് എന്നു പറയുന്നതുകൊണ്ട് കാര്യമില്ല. ഇവിടെ വെള്ളം സംരക്ഷിക്കേണ്ട കാര്യമാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ വെള്ളം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കടത്തികൊണ്ട് പോകുമ്പോൾ അതിനെ സംരക്ഷിക്കേണ്ട കാര്യമാണ് ഇവിടെ പറയുന്നത്. പറമ്പിക്കുളം-ആളിയാർ ഡാമിന്റെ സംരക്ഷണം വന്നുകഴിഞ്ഞാൽ, അതിൽനിന്ന് വെള്ളം കിട്ടി കഴിഞ്ഞാൽ പാലക്കാട് ജില്ലയും തൃശ്ശൂർ ജില്ലയും രക്ഷപ്പെടില്ലേ? അതിന്റെ കാര്യമല്ലേ പറയേണ്ടത്. ഇവിടെ ഈ നിയമത്തിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണ്? നമ്മൾ ആരെ ഭയക്കുന്നു? യഥാർത്ഥത്തിൽ നമ്മുടെ അവസ്ഥയെന്താണ്? പാമ്പിനെ പിടിച്ച കുരങ്ങന്റെ അവസ്ഥയാണ്? പാമ്പിനെ വിട്ടുകഴിഞ്ഞാൽ കുരങ്ങനെ കടിക്കും, വിട്ടില്ലെങ്കിൽ കുരങ്ങൻ ചാകും. ഈ അവസ്ഥയിലേയ്ക്ക് നമ്മൾ എത്തിനിൽക്കുകയാണ്. ഇത് അവസാനിപ്പിക്കണം. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ രക്ഷപ്പെടുത്താൻ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക പുരോഗതി, വ്യാവസായിക പുരോഗതിയൊക്കെ സംരക്ഷിക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് നിന്ന് കടത്തികൊണ്ട് പോകുന്ന വെള്ളം നമുക്ക് ഉപയോഗപ്പെടുത്താവുന്ന രൂപത്തിൽ കൊണ്ടുവരണം. ഇപ്പോഴും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ചില ധാരണകൾ നമ്മുടെ സംസ്ഥാന താല്പര്യത്തിനെതിരാണ്. അത്തരത്തിലുള്ള സംസ്ഥാന താല്പര്യത്തിന് എതിരായികൊണ്ടിരിക്കുന്ന നിലപാടുകളെ എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കാവുന്ന ഒരു ഭേദഗതി ബില്ലിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. രാജവാഴ്ചക്കാലത്ത് ഉണ്ടാക്കിയ എഗ്രിമെന്റിനുശേഷം 1970-ൽ വീണ്ടും സംസ്ഥാന ഗവൺമെന്റ് കരാറുണ്ടാക്കി. പക്ഷേ ഇപ്പോൾ അനുഭവമെന്താണ്? സംസ്ഥാന ഗവൺമെന്റ് കോടി

LIBRARY ARCHIVES Kerala Legislative Assembly

കണക്കിന് രൂപ ചെലവഴിച്ചു. തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിന്റെ ഫലമായി കേരളത്തിലെ ജനങ്ങളുടെ ജീവൻ ഭീഷണിയിലാണ്. 100 വർഷത്തിൽ കൂടുതൽ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാം, ലോകത്ത് ഒരിടത്തും ഇതുപോലെ ഒരു ഡാം ഇല്ല. ആ മുല്ലപ്പെരിയാർ ഡാമിന്റെതടക്കം കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് കോടതി കയറേണ്ട ഒരു അവസ്ഥയാണുള്ളത്. ഡാമുകളുമായി ബന്ധപ്പെട്ടു ഇത്തരം ഗൗരവമായ പ്രശ്നങ്ങളുള്ള അവസരത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ, എന്നു പറഞ്ഞാൽ, കേരളത്തിലെ ജനങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്ന തരത്തിലുള്ള ഈ പ്രശ്നത്തിൽ കുറേക്കൂടി ഗൗരവമായ രൂപത്തിലുള്ള ഒരു സമീപനം സ്വീകരിക്കണം. ഇവിടെ വ്യക്തമാക്കിയതുപോലെ 999 വർഷത്തേയ്ക്കാണ് കരാറെങ്കിലും അതുവരെ ഈ ഡാം നിലനിൽക്കുമെന്ന് ആർക്കും പറയാൻ സാധിക്കില്ല. ഒരു കാരണവശാലും നിൽക്കില്ല. അങ്ങനെയൊരു സാഹചര്യത്തിൽ ഈ പ്രശ്നത്തിൽ കുറേക്കൂടി ഗൗരവമായി പരിഹാരം കാണാനും നിർദ്ദേശിക്കാനും നമ്മുടെ സർക്കാർ ശ്രമിക്കേണ്ടതാണ്. അതുപോലെ കേരളത്തിന്റെ ജലം പല ഭാഗത്തുനിന്നും ചോർത്തിയെടുക്കാൻ (സംസ്ഥാന ഗവൺമെന്റിന്റെ അനുവാദം വാങ്ങാതെ ജനങ്ങളെ മുഴുവൻ സംശയത്തിൽ നിർത്തിയിരിക്കുന്ന തരത്തിലുള്ള) ചില നടപടികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഞാൻ അതിനെ സംബന്ധിച്ച് ദീർഘിപ്പിച്ച് സംസാരിക്കുന്നില്ല. അടുത്ത ദിവസംതന്നെ അതിനെ സംബന്ധിച്ച് ചർച്ച നടത്തും. നമുക്ക് സാധിക്കാവുന്നതിന്റെ പരമാവധി എങ്ങനെ അതിന് പരിഹാരം കാണാമെന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കാം. ജലവുമായി ബന്ധപ്പെട്ടു നോക്കുമ്പോൾ ലോകത്തെ മൾട്ടി നാഷണൽ കോർപ്പറേഷൻസ് ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കിക്കൊണ്ടിരിക്കുന്നത് ജലത്തിലൂടെയാണ്. കേരളത്തിലടക്കം ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇന്നുള്ള പ്രശ്നമെന്താണ്? കൊക്കക്കോള കമ്പനിക്ക് വെള്ളം നൽകിയതിന്റെ ഫലമായി, അവിടെയുണ്ടായ പലതരത്തിലുള്ള അപകടങ്ങളെ സംബന്ധിച്ച് കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ചർച്ചകൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: ഒരു കാര്യം, ഞാൻ രാഷ്ട്രീയം പറയുന്നില്ല. ജനതാദളിന്റെ ഏതെങ്കിലും സംസ്ഥാന നേതാവ് കൊക്കക്കോള കമ്പനിക്ക് വെള്ളം കൊടുത്തതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കെ. നാണു: എന്റെ ശ്രദ്ധയിൽ അത്തരത്തിലുള്ള കാര്യം പെട്ടിട്ടില്ല. ഒരു ജനതാദൾ നേതാവും.....

ശ്രീ. വി. സി. കബീർ: അതിലും പ്രധാനമായ ഒരു കാര്യം, ശിരുവാണി ഡാമിലെ നമ്മുടെ വെള്ളം കോയമ്പത്തൂരിൽ കൊണ്ടുപോയി കൊക്കക്കോളയും മിനറൽ വാട്ടറും ഉണ്ടാക്കി തമിഴ്നാട് അമിതലാഭം കൊയ്യുകയാണ്. അതിനെക്കുറിച്ച് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. സി. കെ. നാണു: നമ്മുടെ വെള്ളം അത്തരത്തിൽ ഉപയോഗിക്കുന്ന ഒരു പ്രശ്നമുണ്ട്. ഇവിടെ ചില ചർച്ചകൾ നടന്നിരുന്നു. കൊക്കക്കോള കമ്പനിക്ക് സ്ഥലം കൊടുത്തത് പെരുമാട്ടി പഞ്ചായത്തിൽ, ജനതാദൾ ഭരിക്കുന്ന അല്ലെങ്കിൽ എൽ.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തിൽ, ജനതാദൾ അല്ലേ എന്ന പരാമർശം വന്നിരുന്നു. അത് പരിശോധിക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. ദേശസ്നേഹപരമായ നിലപാട് സ്വീകരിച്ച ഗവൺമെന്റ് ഏതാണെന്ന് ഈ പ്രശ്നം പരിശോധിച്ചാൽ കാണാൻ സാധിക്കും. 1977-ൽ ജനതാ ഗവൺമെന്റ് അധികാരത്തിലിരുന്ന അവസരത്തിൽ, 'ജനങ്ങൾക്ക് ദാഹജലം കൊടുക്കാൻ പെപ്സിയും കൊക്കക്കോളയും കേരളത്തിൽ വന്നു, ഇൻഡ്യാ രാജ്യത്ത് അവർ

ഈ ദാഹജലം കൊടുക്കണ്ട എന്ന തീരുമാനമെടുത്തു. പെപ്സിയെയും കൊക്കക്കോളയെയും ഇൻഡ്യയിൽനിന്ന് കെട്ടുകെട്ടിച്ചു, നിരോധിച്ചു അന്ന് ജനതാഭണകൂടം. മൊറാർജിയുടെ മന്ത്രിസഭ പോയശേഷം കൊക്കക്കോള, പെപ്സി തുടങ്ങിയ കമ്പനികൾക്ക് ഇൻഡ്യയിൽ ഇഷ്ടം പോലെ വരാൻ അനുവാദം നൽകി. ശീതളപാനീയമായ കൊക്കക്കോളയും പെപ്സിയും മാത്രമല്ല, ഇന്ന് നമ്മൾ മാർക്കറ്റിൽ പോയി ഒരു ബോട്ടിൽ വെള്ളം വാങ്ങിച്ചാലും അത് ഒന്നുകിൽ പെപ്സി അല്ലെങ്കിൽ കൊക്കക്കോള! ഇൻഡ്യയിൽ, കഴിഞ്ഞ 10 കൊല്ലത്തെ കണക്ക് പരിശോധിച്ചാൽ ഏറ്റവും വലിയ കുത്തക കമ്പനികൾ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കിയത് കുടിവെള്ള കച്ചവടത്തിലൂടെയാണ് എന്ന് മനസ്സിലാക്കാൻ സാധിക്കും. മൾട്ടിനാഷണൽ കോർപ്പറേഷൻസ് സ്വാഭാവികമായും കൂടുതൽ ലാഭമുണ്ടാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കും. യുറോപ്യൻ ഇക്കോണമി, ആ സാമ്പത്തിക സമൂഹത്തിൽപ്പെട്ട രാജ്യങ്ങൾ, അതുപോലെ അമേരിക്ക അടക്കമുള്ള സമ്പന്ന രാജ്യങ്ങൾ, അവരൊക്കെ ഇന്ന് ദൗർഭാഗ്യത്തിന് പ്രധാനമായി നോക്കുന്നത് വെള്ളം വിറ്റ് കൂടുതൽ ലാഭമുണ്ടാക്കുവാൻ കഴിയുമോയെന്നാണ്. കാർഷികോൽപ്പാദനത്തിന്റെ കാര്യത്തിൽ, ഉൽപ്പാദനത്തിന്റെ തോത് പരിശോധിക്കുമ്പോൾ, നാളികേരത്തിന്റേതായാലും നെല്ലിന്റേതായാലും, കേരളം അഭിലഷണീയമായ അടിസ്ഥാനത്തിലുള്ള നിലവാരത്തിൽ എത്തിയിട്ടില്ല. മറ്റുള്ള രാജ്യങ്ങളുടെ നിലവാരത്തിൽ കേരളം എത്തിയില്ല എന്നുള്ളത് പോട്ടെ. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിൽ ബഹുഭൂരിപക്ഷം ആളുകൾ കർഷകത്തൊഴിലാളികളാണ്. ആ പാവങ്ങളെ രക്ഷിക്കണമെങ്കിൽ കാർഷികാവശ്യങ്ങൾക്കുവേണ്ടി കൊടുക്കുന്ന ജലത്തിന് പണം വസൂലാക്കാതെ ആ മേഖലയിൽ വെള്ളത്തിന് ചെലവാകുന്ന പണം മറ്റു രൂപത്തിൽ ഈടാക്കി വരുമാനം കാണേണ്ടത് സ്റ്റേറ്റിന്റെ/ധനകാര്യ വകുപ്പിന്റെ ചുമതലയാണ്. കുടിവെള്ളത്തിന്റെ കാര്യത്തിലായാലും കൃഷിക്ക് നൽകുന്ന ജലത്തിന്റെ കാര്യത്തിലായാലും അതിനുള്ള വരുമാനമുണ്ടാക്കാൻ സർക്കാരിന് നിശ്ചയമായും സാധിക്കേണ്ടതാണ്. അതുകൊണ്ട് എനിക്ക് അഭ്യർതറിക്കാനുള്ളത്, രണ്ട്, മൂന്ന് ഭാഗമായി ഇതിനെ കാണണമെന്നാണ്. ഒന്ന്, കേരളത്തിന്റെ പഴയ രാജഭരണ കാലത്തും പഴയ ബ്രിട്ടീഷ് ഭരണ കാലത്തും ഉണ്ടാക്കിയ കരാറുകളുടെ ഫലമായി കേരളത്തിലെ ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ഭയപ്പാട്. രണ്ട് ദിവസത്തെ സബ്ജക്ട് കമ്മിറ്റി യോഗത്തിൽ നല്ല രീതിയിൽ ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. പ്രതിപക്ഷ നേതാവിന്റേയും മറ്റ് അംഗങ്ങളുടേയും ഭാഗത്തുനിന്നുണ്ടായ നിർദ്ദേശങ്ങൾ സ്വീകരിച്ചു. അതിന്റെ ഫലമായി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധാരണ നിലയ്ക്ക് ഒരു നല്ല കമ്മിറ്റിയും സംവിധാനവും ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. നമ്മൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന്റെ ഗൗരവാവസ്ഥ മനസ്സിലാക്കി ഇതു സംബന്ധിച്ച കേസുകൾ സുപ്രീംകോടതിയിൽ വരെ നടത്തി കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയണം. രണ്ടാമത്തേത് വെള്ളം ഉപയോഗിച്ച് കൊള്ളലാഭമുണ്ടാക്കാൻ നമ്മുടെ സംസ്ഥാനത്ത് അവസരമുണ്ട്. നമുക്കറിയാം പഴയ എൻട്രോൺ, സുയാസ്, യുവാണ്ടി തുടങ്ങിയ പല കമ്പനികളും, മറ്റുള്ള രാജ്യങ്ങളിൽ മാത്രമല്ല ഇന്ത്യാരാജ്യത്തുമുണ്ട്, ലോകത്തെ പല രാജ്യങ്ങളിലും വെള്ളത്തിന്റെ പേരിൽ മാത്രം അവിടത്തെ ജനങ്ങൾ കഷ്ടതയനുഭവിക്കുന്നു. സംസ്ഥാനത്തിലൂടെ ഒഴുകുന്ന നദികളിലെ വെള്ളം മൾട്ടി നാഷണൽ കോർപ്പറേഷൻസ് കൈവശപ്പെടുത്തി. കുടിവെള്ളത്തിന് കാശ് കൊടുക്കേണ്ടിവന്നതിന്റെ ഫലമായി പല രാജ്യങ്ങളിലും വെള്ളത്തിന്റെ പേരിൽ മാത്രം ജനങ്ങൾ പ്രക്ഷോഭം നടത്തേണ്ടിവന്നു. ആ ഒരു സ്ഥിതിയിലേയ്ക്ക് ഇന്ത്യാരാജ്യത്തേയും കൊണ്ടുപോകാൻ ശ്രമിക്കുകയാണ്. കോടിക്കണക്കിന് രൂപ ഉപയോഗിച്ച് നമ്മുടെ സാധാരണ നിലയ്ക്കുള്ള ഏത് ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസികളെയും സ്വാധീനിക്കാൻ പറ്റുന്ന രൂപത്തിൽ വെള്ളം വിറ്റ് കാശാക്കുന്ന മൾട്ടി നാഷണൽ കോർപ്പറേഷൻ രംഗത്ത് വരികയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് പരിശോധിക്കാൻ സാധിക്കും. ശ്രീ. രാജു എബ്രഹാം പറഞ്ഞതുപോലെ കേരളത്തിൽ ജലസേചന മേഖലയിലുള്ള പ്രതിസന്ധി പരിഹരിക്കാൻ നമുക്ക് ലഭ്യമാകുന്ന ശുദ്ധജലം ഉപയോഗപ്പെടുത്തി മറ്റ് രാജ്യങ്ങൾ വരുമാനം ഉണ്ടാക്കുന്നതുപോലെ നമുക്കും വരുമാന മുണ്ടാക്കാൻ സാധിക്കും. ഗൗരവമായി ഇതു സംബന്ധിച്ച് ആലോചിക്കണം. കുടിവെള്ള ത്തിന്റേയും കൃഷിക്കാർക്ക് കൊടുക്കുന്ന വെള്ളത്തിന്റേയും കാര്യത്തിൽ കൂടുതൽ പണം ആ രീതിയിൽ വസൂലാക്കുന്നതിനു പകരം നമ്മുടെ ജലസമ്പത്ത് ഉപയോഗിച്ച് മറ്റു വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തണം. പണ്ട് മത്സ്യങ്ങളാണ് കടലിൽനിന്ന് പിടിച്ചിരുന്നതെങ്കിൽ ഈ വരുന്ന നൂറ്റാണ്ട് കടലിനകത്തുള്ള ഔഷധ പ്രാധാന്യമുള്ള മറ്റു വിഭവങ്ങളിലൂടെ നമുക്ക് പണമുണ്ടാക്കാൻ കഴിയും. ലോകത്തിലെ സകല രാജ്യങ്ങളും വെള്ളത്തിലൂടെ വരുമാന മുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. പെട്രോൾ, ഡീസൽ ഇവയെക്കാൾ വരുമാനമുണ്ടാക്കാനുള്ള മാർഗ്ഗമായി വെള്ളത്തെ ഉപയോഗിക്കുവാൻ നല്ല ജലസമ്പത്തുള്ള കേരളത്തിന് കഴിയും. കേരളത്തിന്റെ ജലസമ്പത്ത് പാഴാക്കാതെ സംരക്ഷിക്കപ്പെടാനും കേരളത്തിന്റെ താൽപര്യം സംരക്ഷിക്കാനും ജലസേചന വകുപ്പ് മുന്നോട്ടു വരണം. ഞങ്ങൾ വിയോജനക്കുറിപ്പിൽ പറഞ്ഞതുപോലെ ഡാം സംരക്ഷണത്തിന്റെ കാര്യത്തിലും ഡാമുമായി ബന്ധപ്പെട്ട് കേരള ത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും കുറെക്കൂടി ഫലപ്രദമായി മുന്നോട്ടു പോകാൻ സാധിക്കേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതു പ്രകാരമുള്ള 2001-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ പൊതു ജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരി പ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ പൊതുവെ സ്വാഗതം ചെയ്യുകയാണ്. എനിക്ക് പ്രധാനമായി പറയാനുള്ള കാര്യം ഈ ബില്ലിന്റെ ഡെഫനിഷൻ ക്ലാസിൽ മൈനർ ഇറിഗേഷനു പുറമെ ഒരു പുതിയ സംവിധാനംകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. മൈനർ ഇറിഗേഷൻ എന്നു പറയുന്നത് 15 ഹെക്ടർ വരെയുള്ള ഭൂമിയെ ഇറിഗേഷനാക്കി നിയന്ത്രിച്ചും 15 ഹെക്ടർ മുതൽ 10,000 ഹെക്ടർ വരെയുള്ളത് മീഡിയം ഇറിഗേഷൻ സ്ക്കീമായും ഇവിടെ ഡെഫിനിഷൻ ക്ലാസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് മുകളിലുള്ളതാണ് മേജർ ഇറിഗേഷനായി വരാൻ പോകുന്നത്.ഈ പ്രൊവിഷൻ ബില്ലിൽ ഉണ്ടെങ്കിലും ഇതിനാവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് ഇതുവരെ ഉണ്ടായിട്ടില്ല. ഈ തവണ സഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ച സമയം മുതൽ മൈനർ ഇറിഗേഷൻ വർക്കിന്റെ ആവശ്യത്തിന് ബഡ്ജറ്ററി അലോക്കേഷൻ പഞ്ചായത്തുകൾക്ക് കൈമാറി വരുന്നതിന്റെ പ്രയാസങ്ങളെല്ലാം ഈ സഭയിൽ ചൂണ്ടിക്കാണിച്ചതാണ്. പഞ്ചായത്തിന് കൈമാറിയതുകൊണ്ട്.....

ശ്രീ. ജോണി നെല്ലൂർ: സർ, ബഹുമാന്യനായ ശ്രീ. കെ. സി. ജോസഫ് ഇപ്പോൾ ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ മൈനർ ഇറിഗേഷൻ ഹെഡ് ഒഴിവായ കാര്യമാണ് പറയുന്നത്. മൈനർ ഇറിഗേഷൻ എന്ന വകുപ്പ് പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടതു മൂലമാണ് ബഡ്ജറ്റ് തുക വകയിരുത്താത്തതെന്നാണ് പ്ലാനിംഗ് ബോർഡും നമ്മുടെ ധനകാര്യ വകുപ്പും പറയുന്നത്. പ്ലാനിംഗ് ബോർഡും ധനകാര്യ വകുപ്പും അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പറയുമ്പോഴും പഞ്ചായത്തുകളിലേയ്ക്ക് കൈമാറ്റം ചെയ്ത മൈനർ ഇറിഗേഷൻ വേലകൾക്ക് 20 ശതമാനം കോൺട്രിബ്യൂഷൻ ഉപഭോക്താക്കളുടെ ഭാഗത്തുനിന്ന് കൊടുക്കണമെന്നുള്ള വ്യവസ്ഥയുള്ളതുകൊണ്ട് അവിടെ യാതൊരു നിർമ്മാണവേലയും നടക്കുന്നില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, അത് വളരെ ശരിയാണ്. ഫലത്തിൽ ഇന്നുണ്ടായിരിക്കുന്നത് കേരളത്തിലെ മൈനർ ഇറിഗേഷൻ മേഖല മുഴുവൻ സ്തംഭനാവസ്ഥയിലാണ്. നമ്മുടെ ബില്ലിന്റെ പർപ്പസ് എന്താണ്: കാർഷിക മേഖലയുടെ നവീകരണവും പുനരുദ്ധാരണവും. അതിനാവശ്യമായ ഘടകമാണ് ജലസേചനം. പക്ഷേ ഇന്ന് ഈ അധികാര കൈമാറ്റത്തിന്റെ ഫലമായി പഞ്ചായത്തുകൾ ഒന്നും ചെയ്യുന്നില്ല. ചെയ്യാൻ സംവിധാനമില്ല. അതുകൊണ്ട് ആവശ്യമായ ബഡ്ജറ്ററി സപ്പോർട്ട് മീഡിയം ഇറിഗേഷൻ സ്ക്കീമിൽ കൊടുത്തില്ലെങ്കിൽ ഇത് നടപ്പിലാകാൻ പോകുന്നില്ല. ഇന്നത്തെ അവസ്ഥയിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് ചെയ്യാനുള്ള ബഡ്ജറ്ററി സപ്പോർട്ട് ഇല്ല. അതുകൊണ്ട് ഈ ബിൽ പാസാക്കുന്നതിന്റെ തുടർച്ചയായി മീഡിയം ഇറിഗേഷൻ സ്ക്കീം ചെയ്യാൻ ആവശ്യമായ സാമ്പത്തിക പ്രൊവിഷൻകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒന്നുകിൽ സപ്ലിമെന്ററി ബഡ്ജറ്റോ മറ്റ് സംവിധാനമോ കൊണ്ടുവന്നില്ലെങ്കിൽ ഇത് ഫലത്തിൽ നടക്കാൻ പോകുന്നില്ല.

ശ്രീ. തോമസ് ചാഴികാടൻ: സർ, ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മൈനർ ഇറിഗേഷൻ വർക്കുകൾ മുഴുവൻ പഞ്ചായത്തിന് പോകുന്നു. അതിന് സെപ്പറേറ്റ് ബഡ്ജറ്ററി പ്രൊവിഷൻ ഉണ്ടാക്കാൻ പറ്റില്ല. മൈനർ ഇറിഗേഷനിൽ നേരത്തെയുണ്ടായിരുന്ന കുറെ ഏരിയായുംകൂടി ഇപ്പോൾ മീഡിയം ഇറിഗേഷനിൽ വരികയാണ്. സ്വാഭാവികമായിട്ടും കൂടുതൽ ബഡ്ജറ്ററി പ്രൊവിഷൻ വച്ചാലേ ഈ കൂടുതലായി കിട്ടുന്നവർക്കുകൂടെ അല്ലെങ്കിൽ ഏരിയായ്ക്കുകൂടി വർക്കുകൾ നടത്താൻ കഴിയുകയുള്ളുവെന്ന കാര്യം അറിയാമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അതുകൊണ്ട് മീഡിയം ഇറിഗേഷൻ സ്ക്കീമിന്റെ നിർവ്വഹണ ചുമതല ഗവൺമെന്റ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് മാറാൻ പോകുന്ന അവസരത്തിൽ അതിന് ആവശ്യമായ മതിയായ ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണം. മറ്റൊരു കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ ആശങ്ക ഞാനും പങ്കുവെയ്ക്കുകയാണ്. ലെവി ഓഫ് ഇറിഗേഷൻ സെസ് അത് നേരത്തെ ബില്ലിൽ ഉള്ളതാണെന്ന് ചൂണ്ടിക്കാണിച്ചു. നേരത്തെ ബില്ലിൽ ഉള്ളതാണെങ്കിലും അല്ലെങ്കിലും കേരളത്തിലെ കൃഷിക്കാർക്ക് വളരെയേറെ ഭയാശങ്കകൾ ഈ വകുപ്പ് ഉണ്ടാക്കുന്നുണ്ട്. ഇന്ന് നമുക്കറിയാം ഓരോ പദ്ധതികളും നടപ്പിലാക്കുന്ന സ്റ്റേജിൽ ഉണ്ടാകുന്ന ചെലവ് എത്രയാണ്.....(ബഹളം).....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇത്രയും പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണത്തിന്റെ ചർച്ച നടക്കുന്നയവസരത്തിൽ ഒറ്റ മന്ത്രിപോലും സീറ്റിലില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് വളരെ പ്രധാനമായ സബ്ജക്ടായതുകൊണ്ടാണ് പലരും ഒഴിഞ്ഞിരിക്കുന്നത്. പ്ലീസ് മന്ത്രിയുണ്ട്. അദ്ദേഹമുണ്ട്.....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, മന്ത്രി ഈ സബ്ജക്റ്റിന്റെ സമയത്ത് ഹൗസിൽ ഉണ്ടാകണമെന്നേയുള്ളൂ. സീറ്റിൽ ഉണ്ടാകണമെന്ന് എവിടേയും പറഞ്ഞിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഒരു മന്ത്രിയും ഇപ്പോൾ സീറ്റിലില്ല. അത് ആര്യാടൻ സാർ കണ്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ മന്ത്രിസഭയുടെ സ്ഥിതിയാണ് ഞങ്ങൾ പറഞ്ഞത്. ഒരു കൂട്ടുത്തരവാദിത്വമില്ലാത്ത മന്ത്രിസഭയാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: Please continue.....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇത് ഇന്നിപ്പോൾ ആദ്യമാണ്. പലകാര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് അറിയാം. കോടതിവിധിയുണ്ട്. പി.എ.സി. ഉണ്ട്. എല്ലാം ഉണ്ട്. ഇടതുപക്ഷത്തിന്റെ ഭരണകാലത്ത് ഇതൊരു നിത്യസംഭവമായിരുന്നുവെന്ന് അന്ന് സഭയിൽ ഇല്ലാതെയിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: രാജേന്ദ്രൻ പ്ലീസ്.....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ പലരും ഇല്ലാതിരിക്കുന്നത് സ്വാശ്രയ കോളേജിന്റെ കാര്യത്തിൽ ഒരു സുപ്രധാന വിധി സുപ്രീംകോടതിയിൽനിന്ന് ലഭിച്ചതിനെത്തുടർന്ന് കാര്യങ്ങൾ ചർച്ച ചെയ്യുകയാണ്. വിധി ഗവൺമെന്റിന് അനുകൂലമായിട്ടാണ് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഇറിഗേഷൻ സെസിന്റെ കാര്യം നേരത്തെ ബില്ലിൽ ഉണ്ടായിരുന്നുവെന്ന് ശ്രീ. രാജേന്ദ്രനും ശ്രീ. കോടിയേരിയും നേരത്തെ പറയുകയുണ്ടായി. എങ്കിലും കൃഷിക്കാരന് സംഘങ്ങളുണ്ടോ? എന്തിനാണ് സെസ് ഏർപ്പെടുത്തുന്നത്? ഓരോ പദ്ധതിയും നടപ്പിലാക്കുമ്പോൾ അതിന്റെ എസ്റ്റിമേറ്റഡ് എക്സ്പെൻഡിച്ചറിന്റെ അമ്പതിരട്ടി ആയിട്ടാണ് പദ്ധതി അവസാനിക്കുന്നത്. കേരളത്തിൽ ഓരോ ഇറിഗേഷൻ സ്ക്കീമും ആരംഭിക്കുന്നത് എവിടെനിന്നാണ്? അവസാനിക്കുന്നത് എവിടെ? അങ്ങനെ ഗണ്യമായ ചെലവു വരുന്ന ആ മേഖലയിൽ അതിന്റെ ഗുണഭോക്താക്കളായ കൃഷിക്കാരനെ കണ്ടെത്തി അവന്റെ മേൽ സെസ് ചുമത്തുന്നത് ഒരിക്കലും അംഗീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: കൃഷിക്കാരുടെ കാര്യത്തിൽ എല്ലാ പുരോഗമന സർക്കാരുകളും ലിബറലായ നയം കൊണ്ടുവരികയാണ്. പ്രത്യേകിച്ച് നദികളിലെ ജലത്തിന് അല്ലെങ്കിൽ ജലാശയങ്ങളിലെ ജലത്തിന് നികുതി ചുമത്തിയതിൽ കൃഷിക്കാർ നൂറു ശതമാനവും നമുക്ക് എതിരാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി അത് ആലോചിക്കണം. അത് നടപ്പിലാക്കുവാൻ സാധിക്കുന്ന പ്രൊവിഷൻ ഇല്ല. ഇന്ന് പാർശ്വലായി നമ്മൾ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. പ്ലംബിംഗ് സബ്സിഡി, സൗജന്യമായി വൈദ്യുതി, അങ്ങനെ എല്ലാം കൊടുത്ത് തകരുന്ന കാർഷിക മേഖലയെ ഉദ്ധരിക്കുവാൻ ശ്രമിക്കുമ്പോൾ ജലസേചന സൗകര്യം ഉണ്ടാക്കി എന്ന് പറഞ്ഞിട്ട് അവിടെ സെസ് ഏർപ്പെടുത്തുന്നതിനോട് ഒരിക്കലും യോജിക്കുവാൻ നിവൃത്തിയില്ല. നിലവിലുള്ള നിയമത്തിന്റെ വ്യവസ്ഥയാണെങ്കിൽപ്പോലും ഇത് ഗവൺമെന്റിന്റെ ബാധ്യതയാണ്. ആ തരത്തിലുള്ള ഒരു സംവിധാനം ഈ ബില്ലിൽ ഉണ്ടായത് നിർഭാഗ്യകരമാണ്. ആ സംവിധാനത്തെപ്പറ്റി ഗവൺമെന്റ് പുനരാലോചിക്കണം. ഇറിഗേഷൻ സെസ് എന്നു പറയുന്ന ചാപ്ടർ 4 ഒഴിവാക്കി ഈ ബിൽ കൊണ്ടുവരുന്നതായിരിക്കും നല്ലത്. ഈ ബിൽ സ്വാഗതാർഹമാണ്. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ എങ്ങനെ ഒരു സ്റ്റാറ്റ്യൂട്ടറി ബാക്കിംഗ് ലഭിക്കും? പറമ്പിക്കുളം-ആളിയാറിന്റെയും

മുല്ലപ്പെരിയാറിന്റെയും കാര്യമൊക്കെ ഇവിടെ പലരും പറഞ്ഞു. കേരളം ഭരിച്ച എല്ലാ ഗവൺമെന്റിനും ഉത്തരവാദിത്വമുണ്ട്. ഞങ്ങൾ വന്നിട്ട് ഇപ്പോൾ രണ്ടര കൊല്ലമേ ആയിട്ടുള്ളൂ. അതിനിമുമ്പ് അഞ്ചു കൊല്ലക്കാലം നിങ്ങളാണ് ഭരിച്ചിരുന്നത്. നിങ്ങൾക്ക് ആകാമായിരുന്നല്ലോ? ഇന്ന് ഈ പറയുന്ന ധാർമ്മികമായ രോഷം, ഇന്നത്തെ വിമർശനം എന്തുകൊണ്ട് ആലോചിച്ചില്ല. ഭരണത്തിൽ ഇരുന്ന കാലഘട്ടത്തിൽ ചെയ്യാൻ കഴിയാതെ പോയ കാര്യങ്ങൾ, ചെയ്യാത്ത കാര്യങ്ങൾ, കേരളം ഭരിച്ച ഓരോ ഗവൺമെന്റും ഉത്തരം പറയണം. എന്തുകൊണ്ട് ഇങ്ങനെയൊരു സാഹചര്യമുണ്ടായി? അന്തർ സംസ്ഥാന കരാറുകളിൽ കേരളത്തിന്റെ താല്പര്യം സംരക്ഷിക്കപ്പെട്ടില്ല എങ്കിൽ ഉത്തരം പറയേണ്ട ബാധ്യത ഞങ്ങളെപ്പോലെ നിങ്ങൾക്കും ഉണ്ട്. ഇനി ഏതായാലും പോസ്റ്റ്മോർട്ടം ഒന്നും വേണ്ട. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളിൽ ഉണ്ടാകുന്ന നിയമപരമായ പിന്തുണ ഉപയോഗപ്പെടുത്തി കേരളത്തിന്റെ വിശാലമായ താല്പര്യം സംരക്ഷിക്കുവാൻ നടപടിയുണ്ടാകണം. അതിന് സഹായകരമാകുന്ന വിധത്തിൽ ഈ ബിൽ മാറട്ടെ എന്നു മാത്രം ഞാൻ പ്രത്യാശിക്കുന്നു. ഞാൻ എന്റെ അമെന്റ് മെന്റ് മൂവ് ചെയ്യുന്നു.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഈ ബിൽ കൊണ്ട് നമുക്ക് ഉദ്ദേശിക്കുന്ന ഒരു ഗുണവും കിട്ടാൻ പോകുന്നില്ല. നിലവിലുള്ള കരാർപ്രകാരം, പ്രത്യേകിച്ചും പറമ്പിക്കുളം-ആളിയാർ കരാർ, മുപ്പതു വർഷം കഴിഞ്ഞ് പുനഃപരിശോധിക്കുവാനുള്ള ശ്രമം നടന്നിട്ടില്ല. ഇതുപോലെതന്നെ ശിരുവാണി-നെയ്യാർ ഡാം, ഇവിടെയൊക്കെയുള്ള അർഹതപ്പെട്ട വെള്ളം കിട്ടുന്നില്ല. അപ്പോൾ ഈ ബിൽ കൊണ്ട് ഒരു പ്രയോജനവുമില്ല എന്നുള്ള സ്ഥിതി വന്നുചേരുകയാണ്. അതു മാത്രമല്ല, കൃഷിക്കാർ എല്ലാ നിലയിലും വളരെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിക്കാർക്ക് ഇന്ന് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന സബ്സിഡി പോലുള്ള എല്ലാ ആനുകൂല്യങ്ങളും ഇല്ലാതെയാക്കി എന്നു മാത്രമല്ല, ഗവൺമെന്റിന്റെ പുതിയ നയപരിപാടികൊണ്ട് ഇറക്കുമതിക്കുണ്ടായിരുന്ന നികുതിയെല്ലാം കുറച്ചു.....

ശ്രീ. ജോണി നെല്ലൂർ : അങ്ങ് ഈ ബിൽ കൊണ്ട് ഒരു പ്രയോജനവും ഉണ്ടായില്ല എന്നു പറഞ്ഞു. അങ്ങ് പ്രതിപക്ഷത്തിരിക്കുന്ന ഒരു ബഹുമാനപ്പെട്ട അംഗമാണ്. പ്രതിപക്ഷ നേതാവ് കൊണ്ടുവന്ന സ്വകാര്യ ബില്ലിൽ പറയുന്ന പല വ്യവസ്ഥകളും ഉൾക്കൊള്ളിച്ച് അദ്ദേഹത്തിന്റെ കൂടെ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് കൊണ്ടുവന്ന ഒരു ബില്ലാണ് ഇതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. സി. മമ്മത്കോയ: ഇതൊക്കയാണെങ്കിലും ഇതുകൊണ്ട് വലിയ ഒരു പ്രതീക്ഷയുണ്ടായിരുന്നു. നമുക്ക് നഷ്ടപ്പെടുന്ന വെള്ളം തിരിച്ചു കിട്ടുവാനുള്ള സൗകര്യങ്ങൾ ഇതിൽ ഉണ്ടാകും എന്നാണ് ധരിച്ചിരുന്നത്. കരാർ പുനഃപരിശോധിക്കുന്ന ഒരു നടപടിയും ഈ ബില്ലിൽ ഇല്ല. അത് ഉണ്ടാകും എന്നായിരുന്നു ധാരണ.

ശ്രീ. ടി. കെ. ബാലൻ: കൊണ്ടുവന്ന കാര്യങ്ങളോട് തത്വത്തിൽ യോജിക്കുന്നു. സന്തോഷമുണ്ട്. ഞങ്ങൾ സഹകരിക്കുന്നു. സഹകരിക്കുവാൻ തയ്യാറാണ്. പക്ഷേ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വെള്ളം തുടർന്നും നഷ്ടപ്പെടാതിരിക്കുവാനുള്ള ഒരു സമീപനം ഉണ്ടാക്കുന്നതിന്റെ തുടക്കമായി ഈ ബിൽ ഭവിക്കണമെന്ന ഒരു അഭ്യർത്ഥനയാണ് ഈ കാര്യത്തിലുള്ളത്. നിലവിലുള്ള ബില്ലിൽ ഇത്തരത്തിലുള്ള പരിമിതിയുണ്ട് എന്നുള്ളത് രണ്ടു കൂട്ടർക്കും പരസ്പരം ബോധ്യപ്പെടുകയും നാളെ ഇതിലേയ്ക്കുള്ള ചർച്ചയ്ക്കു വഴി തെളിയിക്കുവാൻ ഈ ബിൽ ഉപകരിക്കുമെന്നും പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത്കോയ: നമുക്ക് വെള്ളത്തിന്റെ വില വാങ്ങാമെന്നുള്ള നില ഉണ്ടായിട്ടുണ്ട്. അതിപ്പോൾ വാങ്ങാതെ വെറുതെ കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ സ്ഥിതി മാറ്റി നമുക്ക് അർഹതപ്പെട്ട പണം വാങ്ങാനുള്ള സംവിധാനം ഉണ്ടാകണം. ഞാൻ ഇപ്പോൾ പറഞ്ഞത് ഇത് മാത്രമല്ല, നമ്മുടെ കൃഷിക്കാർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ട് എല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. എല്ലാവർക്കും അറിയാം. കൃഷിക്കാർ ഇന്ന് എല്ലാ തരത്തിലും അധോഗതിയിൽ എത്തിയിരിക്കുകയാണ്. ആ കൃഷിക്കാരൻ എടുത്തുകൊണ്ടിരിക്കുന്ന വെള്ളത്തിനും കാശ് കൊടുക്കേണ്ട സ്ഥിതി ഇതിൽ വന്നു ചേർന്നിരിക്കുകയാണ്. അത് എന്തായാലും ഒഴിവാക്കണം. കൃഷിക്കാർക്ക് കൂടുതൽ ബാധ്യത വരുന്നതാണ്. കൃഷിക്കാരുടെ കൂടുതൽ ബാധ്യത കൊണ്ട് കൃഷിയൊന്നും നടത്താൻ വയ്യാത്ത ഒരു അധോഗതിയിൽ എത്തിനിൽക്കുകയാണ്. കൃഷിക്കാർക്ക് വെള്ളത്തിന് സെസ് ചുമത്തുന്ന വ്യവസ്ഥ കൃഷിക്കാർക്ക് വീണ്ടും ബാധ്യത ഉണ്ടാക്കുന്നു. എന്തായാലും ഇത് ഒഴിവാക്കണം. എങ്കിൽ മാത്രമേ നമ്മുടെ കൃഷിക്കാരന് ഇതിൽ ഗുണം ഇല്ലെങ്കിലും ദോഷം ഇല്ലാതാകുകയുള്ളൂ.

ശ്രീ. കെ. എ. ചന്ദ്രൻ: കൃഷിക്കാരൻ സാമ്പത്തിക പ്രതിസന്ധിയിലാണെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. പക്ഷേ ഇന്നത്തെ ജലസമ്പത്ത്—കിട്ടുന്ന ജലം സംഭരിക്കുവാൻ, സംഭരിച്ച ജലം വിതരണം ചെയ്ത് വിനിയോഗിക്കുവാൻ കഴിയാത്ത ഒരു ദുരവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. അതിനെ വിതരണം ചെയ്യുന്ന കാര്യങ്ങൾക്കെങ്കിലും സെസ് പിരിച്ചാണെങ്കിലും നടപ്പിലാക്കുക എന്നത് പ്രായോഗികമായ ഒരു നിർദ്ദേശമാണ്. അതും ഇല്ലാതെ വരുന്നത് ഇന്നത്തെ സ്ഥിതി കൂടുതൽ കൂടുതൽ വഷളാക്കുകയേയുള്ളൂവെന്ന് അങ്ങേക്ക് ബോധ്യമുണ്ടോ? ഇല്ലെങ്കിൽ ഇന്ന് സംഭരിച്ചുവച്ച വെള്ളം പോലും വിനിയോഗിക്കുവാൻ, പ്രത്യേകിച്ച് വേനലോട് അടുക്കുന്ന കാലത്ത് കൃഷിക്കാരും പാവപ്പെട്ട ആളുകളും പെടാപ്പാട് പെടുന്നത് അങ്ങേക്ക് അറിയാവുന്നതല്ലേ? അതുകൊണ്ട് സെസ് ഗവൺമെന്റിന് ആകരുത്, കൃഷിക്കാർക്ക് വിനിയോഗിക്കുവാൻ ഉള്ളതായി മാറ്റണം.

ശ്രീ. വി. കെ. സി. മമ്മത്കോയ: ബഹുമാനപ്പെട്ട മെമ്പറോട് ഒറ്റ കാര്യമേ പറയാനുള്ളൂ. ആത്മഹത്യയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാരുടെ വേഗത കൂട്ടുന്നതായിരിക്കും ആ തീരുമാനം. ഇതാണ് പോയിന്റ് സർ.

ശ്രീ. ടി. കെ. ദേവകുമാർ: ഈ ബില്ലിൽ ഒരുപാട് നല്ല കാര്യങ്ങൾക്ക് തുടക്കമിടുന്നു എന്ന് അംഗീകരിച്ചുകൊണ്ടുതന്നെ ബഹുമാനപ്പെട്ട വി. കെ. സി. സൂചിപ്പിച്ച ഒരു കാര്യം ഈ ബിൽ വരുന്നതോടുകൂടി കൃഷിക്കാർ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടിൽനിന്നും പുതിയ ബുദ്ധിമുട്ടുണ്ടാകാൻ ഇടവരാതെ അങ്ങയുടെ ഈ ഗവൺമെന്റ് നിർബന്ധബുദ്ധി കാണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടനാട് കൃഷിമേഖലയാണ്. കുട്ടനാട് കൃഷി എന്നു പറയുന്നത് സാഹസികമാണ്. കുട്ടനാട് മേഖലയിൽ ഇപ്പോൾ ഈ പറയുന്ന സെസ് ഇല്ല. കുട്ടനാട് മേഖലയെ സംബന്ധിച്ച് പ്രത്യേകമായിട്ടാണ് എന്നുള്ളത് സ്വാഗതാർഹമാണ്. എന്നാൽ കൃഷിക്കാരെ സംബന്ധിച്ച് അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള ഭേദഗതികൾകൂടി ഈ ബില്ലിൽ കൊണ്ടുവരുന്നതിന് ഉപകരിക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു മെമ്പർ സംസാരിക്കുമ്പോൾ ആ മെമ്പറുടെ പൊസിഷനിലാണ് ഹൗസ്. അദ്ദേഹത്തോട് ചോദ്യം ചോദിക്കാം. അതല്ലാതെ വേറെയൊരാൾക്ക് പ്രസംഗിക്കുവാനുള്ള അവസരം കൊടുക്കുവാൻ പാടില്ലാത്തതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അതുകൊണ്ടാണ് ചെയർ നിയന്ത്രിച്ചത്. Please resume your seat.....ചെയറിനെ തെറ്റിദ്ധരിപ്പിക്കരുത്. Please resume your seat.

ശ്രീ. വി. കെ. സി. മമ്മത്കോയ: കേരളം ജലത്തിന്റെ കാര്യത്തിൽ സമ്പന്നമാണെന്നുള്ള തെറ്റിദ്ധാരണകൊണ്ടാണ് ഈ ഗതികേടിലേക്ക് വന്നത്. അവർ കിട്ടാവുന്ന വെള്ളം സ്വീകരിച്ചുകൊണ്ട് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് രണ്ട് തവണ ആവർത്തിച്ച് ബഹുമാനപ്പെട്ട 12 NOON] മമ്മത്കോയയെ മമ്മുക്കോയ എന്നു വിളിച്ചിട്ടുണ്ട്. അത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ അങ്ങനെ വിളിച്ചിട്ടില്ല.

ശ്രീ. വി. കെ. സി. മമ്മത്കോയ: ബഹുമാനപ്പെട്ട ചെയർ എന്തു വിളിച്ചാലും എനിക്ക് ഇഷ്ടമാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട അംഗം കേരളം വെള്ളത്തിന്റെ കാര്യത്തിൽ സുലഭമായ സംസ്ഥാനമാണെന്ന് പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ആകെ മുപ്പതോ നാല്പതോ ദിവസം മാത്രമാണ് മഴ പെയ്യുന്നത്.

ശ്രീ. വി. കെ. സി. മമ്മത്കോയ: ഞാൻ അങ്ങനെ പറഞ്ഞില്ല. തെറ്റായ ധാരണകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നാണ് ഞാൻ പറഞ്ഞത്. കൃഷിക്കാരെ രക്ഷിക്കാൻ ആവശ്യമായ നടപടികൾ ഉൾപ്പെടുത്തുകയും സെസ് ഇതിൽനിന്ന് ഒഴിവാക്കണമെന്നുമുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ വാക്ക് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇവിടെ വിയോജനക്കുറിപ്പ് എഴുതിയ അംഗങ്ങളും അതുപോലെതന്നെ അമെന്റ്മെന്റ് മൂവ് ചെയ്ത രണ്ട് അംഗങ്ങളും പറഞ്ഞ കാര്യങ്ങളും എല്ലാം ഞാൻ ശ്രദ്ധയോടുകൂടി കേൾക്കുകയുണ്ടായി. സഭയുടെ ആറാം സമ്മേളനത്തിലെ അവസാനത്തെ ദിവസമാണ് ഇന്ന്. ഇന്ന് പാസാക്കുന്ന ഈ നിയമം നിയമസഭയുടെ ചരിത്രത്തിലെ രജത രേഖയായിട്ടാണ് ഞാൻ കാണുന്നത്. ഈ കാര്യത്തിൽ ശ്രീ. കോടിയേരി സൂചിപ്പിച്ചതുപോലെ നിയമനിർമ്മാണ രംഗത്തെ ഏറ്റവും ശ്രദ്ധേയമായ നിയമമാണിത്. പ്രതിപക്ഷനേതാവും, നിങ്ങളെല്ലാവരും എടുത്ത ഇനിഷേറ്റീവ് ഞാൻ വളരെയേറെ അംഗീകരിക്കുന്നു. കാരണം ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഈ വിഷയം വന്നപ്പോൾ സർക്കുലേറ്റ് ചെയ്യാത്ത ഒരു ബില്ല്, "അത് എടുക്കണം, ഞങ്ങൾ അംഗീകരിക്കുന്നു" എന്നു പറയുന്നത് വളരെ അപൂർവ്വമായിട്ട് ഉണ്ടാകുന്ന സംഭവമാണ്. അങ്ങനെ ഈ നിയമം നിയമസഭയിൽ കൊണ്ടുവന്ന് പാസാക്കാൻ പ്രതിപക്ഷം കാണിച്ച സഹകരണത്തിന് ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകമായിട്ട് നന്ദി പറയുകയാണ്. ഈ നിയമം നിയമസഭയിൽ കൊണ്ടുവന്നതിനുശേഷം കൂടിയ സബ്ജക്ട് കമ്മിറ്റിയിൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായ സമീപനം ആ കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാ പേർക്കും അറിയാം. ഗവൺമെന്റിന് ഇക്കാര്യത്തിൽ പ്രത്യേകമായ ഇന്റെറസ്റ്റില്ല. നമുക്ക് എല്ലാപേർക്കുംകൂടി സ്വീകാര്യമായത് എന്താണോ അത് നടപ്പിലാക്കുക എന്നുള്ളതാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളോടൊന്നും എനിക്ക് വിയോജിപ്പില്ല. ഈ നിയമംകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവില്ല എന്ന് എനിക്ക് തോന്നുന്നില്ല. അത് വിമർശനത്തിനുവേണ്ടി മാത്രം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. സി. മമ്മത് കോയ പറഞ്ഞതാണ്. ബാക്കി ആരും അങ്ങനെ പറഞ്ഞിട്ടില്ല. ഒരു പ്രയോജനവും ഇല്ലെന്ന് നമുക്ക് പറയാൻ സാധ്യമല്ല. ഈ ഒൻപത് നിയമങ്ങൾ ഏകീകരിച്ച് കൺസോളിഡേറ്റ് ചെയ്ത് ഒരു നിയമം കൊണ്ടുവരാനുണ്ടായ സാഹചര്യവും അതിനകത്ത് ചില പ്രൊവിഷൻസ് ഇൻകോർപ്പറേറ്റ് ചെയ്യാനുണ്ടായ സാഹചര്യവും ആദ്യം ഞാൻ ഇവിടെ നിയമസഭയിലും പിന്നീട് സബ്ജക്ട് കമ്മിറ്റിയിലും പറയുകയുണ്ടായി. 3, 4, 5, 6, 30 അതുപോലെതന്നെ ചാപ്റ്റർ 12-ലെ 57 മുതലുള്ള പ്രൊവിഷൻസ്, ഇവ പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്തെ നദീജല സമ്പത്ത് സംരക്ഷിക്കാനും നമ്മൾ ഉണ്ടാക്കിയ കരാറുകളിൽപ്പെട്ടതുൾപ്പെടെയുള്ള ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ പ്രൊവിഷൻസ് ഇതിലുള്ളതായി കാണാം. ഈ സംസ്ഥാനത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കാൻ നിയമസഭയ്ക്ക് നിയമപരമായി ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി നമ്മൾ ചെയ്തിട്ടുണ്ട്. ഇതിൽ നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കാനുള്ള അവകാശം ഈ നിയമം വഴി ഒന്നുകൂടി ഉറപ്പാക്കുന്നു. അതുപോലെതന്നെ നമ്മുടെ നദികളോ അരുവികളോ മറ്റ് ഏതെങ്കിലും ജലസ്രോതസുകളോ തിരിച്ചുവിടാനുള്ള നീക്കത്തെ നമ്മൾ തടയുന്നു. മറ്റു സ്റ്റേറ്റുകളുമായിട്ടോ, യൂണിയൻ ടെറിട്ടെറിയായിട്ടോ നദീജല കരാറിൽ ഇനി ഏർപ്പെടുകയാണെങ്കിൽ അതിന് ഈ നിയമസഭയുടെ റസല്യൂഷൻ വഴിയേ ഇനി സാധിക്കുകയുള്ളൂ എന്ന് നമ്മൾ പറയുന്നു. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന ഡാമുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻവേണ്ടി നമ്മൾ കൊണ്ടുവന്നിരിക്കുന്ന നടപടികൾ, ഇതെല്ലാം നമ്മുടെ ജലസമ്പത്ത് സംരക്ഷിക്കാൻ വേണ്ടിയിട്ടാണ്. ഇവിടെ കോടിയേരി പറഞ്ഞ പ്രധാനപ്പെട്ട ഒരു സംഗതി, അതുതന്നെ ശ്രീ. കെ. പി. രാജേന്ദ്രൻ അടക്കമുള്ള ആളുകൾ റിപ്പീറ്റ് ചെയ്ത് പറയുകയുണ്ടായി. 1886 ഒക്ടോബർ മാസം 28-ാം തീയതി നമ്മൾ ഒപ്പുവച്ച മുല്ലപ്പെരിയാർ ലീസ് ഡീഡ് എഗ്രിമെന്റ്, ആ കരാർ ഇപ്പോൾ നിലനിൽക്കുകയാണ്. നിയമസഭയിൽ ഈ വിഷയം ചർച്ചയിൽ വന്ന, ആദ്യം ഈ ബില്ല് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന സ്റ്റേജിൽ വന്നപ്പോൾ ഞാൻ പറഞ്ഞു 'നമുക്ക് ഈ എഗ്രിമെന്റിനെ സംബന്ധിച്ച് എന്ത് ചെയ്യാൻ കഴിയും. നമുക്ക് പ്രത്യേകമായിട്ട് പരിശോധിക്കാം'. നമ്മൾ സബ്ജക്ട് കമ്മിറ്റിയിൽ 8 മണിക്കൂറിൽ ഏറെ വളരെ ഡീറ്റെയിൽഡ് ആയിട്ട് ഈ ബില്ല് ചർച്ച ചെയ്തു. ഇതിന്റെ എല്ലാ ഭാഗവും ഞങ്ങൾ ഡിസ്ക്കസ് ചെയ്തതാണ്. ഇതിന് എന്താണ് മാർഗ്ഗം. ഒരു എഗ്രിമെന്റിൽ വന്ന് പെട്ടുപോയി. ആ എഗ്രിമെന്റ് 999 വർഷത്തേയ്ക്കാണ്. ആ എഗ്രിമെന്റ് എങ്ങനെയെങ്കിലും റദ്ദ് ചെയ്യാൻ കഴിയുമോ എന്ന് വളരെ സസൂക്ഷ്മമായിട്ട് പരിശോധിച്ചു. ലാ സെക്രട്ടറിയെ വിളിച്ചിരുത്തി. ലാ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ വിളിച്ചിരുത്തി. അവരുമായിട്ട് ഞങ്ങൾ വളരെ ത്രഡ് ബെയറായിട്ട് ഡിസ്ക്കസ് ചെയ്തു. ഇത് മ്യൂച്ചലായിട്ട് ഉണ്ടാക്കിയിട്ടുള്ള ഒരു എഗ്രിമെന്റാണ്. ഇൻഡിപ്പെന്റൻസിന് ശേഷം റീ ഓർഗനൈസേഷൻ ഓഫ് ദി സ്റ്റേറ്റ്സ് വന്നപ്പോൾ അതിനു മുമ്പ് ഉണ്ടായിരുന്ന കരാറുകളെല്ലാം റദ്ദാക്കപ്പെടും എന്ന വ്യവസ്ഥ ഉണ്ട്. പക്ഷെ നമുക്ക് സംഭവിച്ചത് 1970-ൽ ഈ കരാർ നമ്മൾ പുതുക്കി. നമ്മൾ ആ കരാർ പുതുക്കുമ്പോൾ പഴയതുപോലെതന്നെ 999 വർഷത്തേയ്ക്കുള്ള നിയമ പ്രാബല്യം കൊടുത്തുകൊണ്ടാണ് പുതുക്കിയത്. അതുപോലെതന്നെ ഈ കരാർ ഇത്രയുംകാലം കഴിഞ്ഞതിനുശേഷവും പുതുക്കാനുള്ള കാര്യത്തിൽ ഇപ്പോഴും റൈറ്റ് നിൽക്കുന്നത് തമിഴ്നാടിന് തന്നെയാണ്. നമുക്ക് വളരെ അപകടകരമായ ഒരു കരാറാണ് നമ്മൾ നിർമ്മിച്ചത്. ആ സമയത്ത് ക്യാബിനറ്റ് ഇത് കണ്ടിട്ടില്ല. ആരെയെങ്കിലും കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞതുപോലെ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ ഓരോ സംഭവങ്ങൾ ഇപ്പോൾ എടുത്ത് വിശകലനം ചെയ്ത് അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറഞ്ഞിട്ട്

വലിയ കാര്യം ഇല്ല. അന്ന് നമുക്ക് ഇഷ്ടംപോലെ വെള്ളം ഉണ്ടായിരുന്നു. അതുകൊണ്ട് ഇങ്ങനെയൊക്കെ ആകാം എന്ന ധാരണയിൽ വന്നുപെട്ട ഒരു കരാറാണ്. അച്ചുതമേനോനെ പോലെ പ്രഗൽഭനായ ഒരു വ്യക്തി (അദ്ദേഹത്തിന്റെ കാലത്താണ് കരാർ പുതുക്കിയത്) ഈ സ്റ്റേറ്റിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായി പെരുമാറി എന്ന് നമുക്ക് ഒരിക്കലും പറയാൻ സാധ്യമല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഉദ്യോഗസ്ഥന്മാരാണ് ഒപ്പുവച്ചതെന്ന് ആ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. പത്തു വർഷം കഴിഞ്ഞാൽ ഇത് റിവ്യൂ ചെയ്യാനും അതിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനം എടുക്കാനുമുള്ള അധികാരം പറയുന്നുണ്ടല്ലോ. അതനുസരിച്ച് റിവ്യൂ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഇത് രണ്ടും രണ്ടാണ്. മുല്ലപ്പെരിയാർ കരാർ പുതുക്കിയപ്പോൾ പഴയതുപോലെതന്നെ പുതുക്കി. പറമ്പിക്കുളം-ആളിയാർ കരാറിനെ സംബന്ധിച്ചാണ് ശ്രീ. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചത്. അത് 1970-ൽ ഒപ്പുവച്ചപ്പോൾ 1958 മുതലുള്ള റിട്രോസ്പെക്റ്റീവ് ഇഫക്ട് കൊടുത്തു. 30 വർഷം കഴിയുമ്പോൾ അത് റിവ്യൂ ചെയ്യാം. അങ്ങനെ വരുമ്പോൾ അത് 1988-ൽ റിവ്യൂ ചെയ്യാൻ സാധിക്കണമായിരുന്നു. എന്നാൽ 1988 മുതൽ ചർച്ച നടത്തിയിട്ട് 2003 ആയിട്ടും നമുക്ക് അതിന് തീരുമാനം ഉണ്ടാക്കാൻ സാധിച്ചില്ല. അതും ഒരു വസ്തുതയാണ്. ആ സാഹചര്യം കണക്കിലെടുക്കുമ്പോൾ നമുക്ക് അങ്ങനെ ഒരു അബദ്ധം പറ്റിപ്പോയി. ഇനി എന്തുചെയ്യാൻ കഴിയും. ഇവിടെ ഒരു സജഷൻ വന്നു ഇനി ഉണ്ടാക്കുന്ന എഗ്രിമെന്റിനെ സംബന്ധിച്ചാണ്. നിയമസഭയുടെ റസല്യൂഷൻവഴി മാത്രമേ അതിന് നിയമപ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ എന്ന് മുപ്പതാമത്തെ ക്ലോസിൽ എഴുതി ചേർത്തിട്ടുണ്ട്. ഞങ്ങൾ ഇവിടെ ഡിസ്ക്കസ് ചെയ്ത പോയിന്റ് പുതിയ ഒരു പ്രൊവിഷൻ എഴുതി ചേർത്ത് ഈ എഗ്രിമെന്റ് റദ്ദ് ചെയ്യാൻ കഴിയുമോ എന്നതായിരുന്നു. അതിനെക്കുറിച്ച് ചർച്ച നടത്തിയപ്പോൾ ലാ സെക്രട്ടറി ഇതിന്റെ കാരണങ്ങളൊക്കെ വിശദീകരിച്ചു. കോൺസ്റ്റിറ്റ്യൂഷണൽ ആസ്പെക്റ്റൊക്ക പറഞ്ഞു. എന്നിട്ട് പറഞ്ഞത് കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന ഒരു ഇനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് വേണമെങ്കിൽ ഒരു നിയമം നിർമ്മിക്കാം. പക്ഷെ ആ നിയമം പ്രാബല്യത്തിൽ വരണമെങ്കിൽ പ്രസിഡന്റിന്റെ അസന്റ് വേണം. എങ്കിൽ മാത്രമേ നമുക്ക് അത് പ്രാബല്യത്തിൽ വരുത്താൻ കഴിയുകയുള്ളൂ. നമ്മൾ നിയമം പാസാക്കിയാൽപ്പോലും അത് സെൻട്രൽ ഗവൺമെന്റിന് അയയ്ക്കണം. സെൻട്രൽ ഗവൺമെന്റ് അത് ക്ലിയർ ചെയ്തിട്ട് ഇൻഡ്യൻ പ്രസിഡന്റിന് കൊടുക്കണം. ഇൻഡ്യൻ പ്രസിഡന്റിന്റെ അസന്റ് കിട്ടുമ്പോഴേ നിയമമായി വരുകയുള്ളൂ.

മുല്ലപ്പെരിയാർ കരാർ റദ്ദാക്കുന്നു എന്ന നിയമം നമ്മൾ പാസ്സാക്കുന്നു എന്നു വയ്ക്കുക, അങ്ങനെ ചെയ്താൽ കൺകറന്റ് ലിസ്റ്റിൽ പെടുന്ന ഇനമായതുകൊണ്ട് തമിഴ്നാട് ഗവൺമെന്റിനും ഇതേ രൂപത്തിൽത്തന്നെ വേണമെങ്കിൽ അവരുടെ താല്പര്യത്തിനനുസരിച്ച് ഒരു നിയമം പാസ്സാക്കാം. ഈ എഗ്രിമെന്റിന് നിയമപരമായ പ്രാബല്യം ഉണ്ടായിരിക്കും. നമുക്ക് ചെയ്യാവുന്നതുപോലെ അവർക്കും ചെയ്യാം. ഈ വിഷയം ഞാൻ ഡിസ്ക്കസ് ചെയ്തപ്പോൾ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അങ്ങനെയൊരു സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ 999 വർഷത്തേയ്ക്ക് പുനഃപരിശോധന പാടില്ല എന്നൊരു അവസ്ഥ വരില്ലേ. 999 വർഷത്തേയ്ക്ക് ഈ ഡാം നിലനിൽക്കാൻ പോകുന്നുണ്ടോ. ആ ഒരു വിഷയം നമ്മൾ എങ്ങനെ കൈകാര്യം ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: സർ, അത് വളരെ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കും. നമുക്ക് വേണമെങ്കിൽ, ഞാൻ ഈ സഭയ്ക്ക് ഒരു ഉറപ്പുനൽകാം. നമുക്ക് ഈ വിഷയം വച്ചുകൊണ്ട്, ഈ എഗ്രിമെന്റിന്റെ മാത്രം കാര്യം വച്ചുകൊണ്ട് നമുക്ക് വേറൊരു ലെജിസ്ലേഷനെ കുറിച്ച് ആലോചിക്കാം. നമ്മൾ ഉണ്ടാക്കേണ്ട നിയമത്തിന്, നിയമസഭ എന്നു പറയുമ്പോൾ അതിന് അതിന്റെ ഗൗരവവും നിയമപരമായുള്ള നിലനിൽപ്പും വേണം, അതില്ലാതെ നമുക്ക് സാധ്യമല്ലല്ലോ. ഇപ്പുറം, അപ്പുറം എന്നുള്ള വിഷയം ഇതിനകത്തില്ല. ഈ സ്റ്റേറ്റിന്റെ കോമൺ ഇന്ററസ്റ്റാണ്. ആ ഇന്ററസ്റ്റുമായിട്ട് ഒരു നിയമം നിർമ്മിക്കുമ്പോൾ നിയമസഭ നിർമ്മിക്കുന്ന നിയമം അത് നിലനിൽക്കുമോ എന്നു പരിശോധിക്കാം. അതിന്റെ നിയമപരമായിട്ടുള്ള sanctity എന്താണെന്ന് ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് നമുക്ക് വേണമെങ്കിൽ ആ ഒരു വഴികൂടി ആലോചിക്കാം. അതുകൂടാതെ നമ്മൾ ഇതിനകത്ത് ഒരു വകുപ്പ് ഇൻകോർപ്പറേറ്റ് ചെയ്യാൻ പോയാൽ ഉണ്ടാകുന്ന അപകടം എന്താണെന്നു ചോദിച്ചാൽ ഈ നിയമത്തിനുപോലും അക്കാരണത്താൽ ക്ഷതം സംഭവിക്കാം. ഇപ്പോൾ നമ്മൾ പാസ്സാക്കുന്ന ഈ നിയമത്തെ സംബന്ധിച്ച് ഹൈക്കോടതിയിലോ സുപ്രീംകോടതിയിലോ ആർക്കും നമ്മെ ഒന്നും ചെയ്യാൻ സാധ്യമല്ല. നിയമസഭാ കമ്മിറ്റിയിൽ ചർച്ച ചെയ്ത അവസരത്തിൽ പറഞ്ഞ ഒരുകാര്യം മാത്രം ഞാൻ സഭയുടെ ശ്രദ്ധയിലേക്ക് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുമ്പോൾ ക്ലാസ് 62-ൽ പറഞ്ഞിരിക്കുന്ന Functions of the Authority. നേരത്തെ അവതരിപ്പിച്ചതിൽനിന്നും കൂടുതലായി ഞങ്ങൾ കൂട്ടിച്ചേർത്തത്. To examine the precariousness of any dam, in public interest and to submit its recommendations including decommissioning of dam, to the Government; അതിന്റെ അർത്ഥമെന്നു പറയുന്നത് demolishing-ന് തുല്യമാണ്. ഒരു പ്രൊവിഷൻകൂടി ഞങ്ങൾ എഴുതി ചേർത്തിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചിടത്തോളം ഇവിടെ സഭയിൽ മെമ്പർമാർ സൂചിപ്പിച്ച ഡാമിനെക്കുറിച്ചുള്ള കാര്യത്തിൽ ഞാനും യോജിക്കുകയാണ്. 999 വർഷം നിലനിൽക്കില്ല എന്ന വസ്തുത സംശയമില്ലാത്ത കാര്യമാണ്. മറ്റൊന്ന് ആരു പറഞ്ഞാലും ഇതിന് സേഫ്റ്റി ഇല്ല. 106 വർഷം പഴക്കമുള്ളത്, പഴയ ടെക്നോളജിയിൽ പണിതത്. ലോകത്ത് ഒരിടത്തും ഇത്രയും വർഷം പഴക്കമുള്ള ഡാം നിലനിൽക്കുന്നതായി അറിവില്ല. സ്റ്റേറ്റിന്റെ ഇന്ററസ്റ്റ് പ്രത്യേകിച്ചും സേഫ്റ്റി പോയിന്റ് ഓഫ് വ്യൂവിൽ, നമ്മൾ എടുത്തിരിക്കുന്ന ഈ നിയമനിർമ്മാണം നിലനിൽക്കും. അത് കോടതിയിൽ ചോദ്യം ചെയ്താലും നിലനിൽക്കും.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങിവിടെ പറഞ്ഞ 62 എഫ്, നമ്മുടെ നിലവിലുള്ള ഡാമുകളുടെ കരാർ ആയിക്കഴിഞ്ഞല്ലോ. ആ കരാർ തമിഴ്നാടും നമ്മളും തമ്മിലുണ്ടാക്കിയതാണ്. ആ കരാർ നിലനിൽക്കെ നിലവിലുള്ള കരാറിന്റെ കാര്യത്തിൽ ഈ 62 എഫ് എന്നു പറയുന്നത് നമുക്ക് പ്രയോഗിക്കാൻ പറ്റില്ലല്ലോ.

ശ്രീ. ടി. എം. ജേക്കബ്: സർ, നിലവിലുള്ള ഡാമുകൾക്കെല്ലാം ഇതു സാധിക്കും. നമ്മൾ ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ സ്റ്റേറ്റിന്റെ ആകെയുള്ള എല്ലാ ഡാമുകൾക്കും 'എഫ്' പറ്റും. ഇവിടെയൊരു ഡിസ്കഷൻ വന്നു. ഞാൻ മുഖ്യമന്ത്രിയുമായി ഡിസ്ക്കസ് ചെയ്ത് ആ കാര്യം സമ്മതിച്ചു. ഇതിന്റെ അതോറിറ്റിയുടെ ചെയർമാൻ ആരായിരിക്കണം. ഞങ്ങൾ പറഞ്ഞു ഗവൺമെന്റ് സെക്രട്ടറി മതി. ഇവിടെ പൊതുവായിട്ട് അഭിപ്രായപ്പെട്ടത് 'ഒരു റിട്ടയേർഡ് ജഡ്ജി വേണം ഹെഡ് ചെയ്യാനായിട്ട്'. മുഖ്യമന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു 'നമുക്ക് എഗ്രി ചെയ്യാം'. ഞങ്ങൾ ഇപ്പോൾ

എഗ്രി ചെയ്തിട്ടുണ്ട്. റിട്ടയേർഡ് ജഡ്ജി ആയിരിക്കും ഇതിനകത്തുവരുന്ന അതോറിറ്റിയുടെ ചെയർമാൻ. പിന്നെ അതിനകത്ത് മെമ്പർമാർ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ വന്ന ഒന്നു രണ്ട് suggestions അത് clause by clause-ൽ വരുമ്പോൾ ആക്സപ്റ്റ് ചെയ്യാം. സി. സി. എ. ഒക്കെ വേണമെന്നു പറഞ്ഞു. അതൊക്കെ നമുക്ക് ആക്സപ്റ്റ് ചെയ്യാം. പൊതുവെ പറയുമ്പോൾ ഈ നിയമത്തിൽ ഒരുപാട് കാര്യങ്ങൾ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നുമില്ല എന്ന് നിങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. വളരെയേറെ കാര്യങ്ങൾ ഈ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾക്കുവേണ്ടി നമ്മുടെ സഭയ്ക്ക് ചെയ്യാൻ കഴിഞ്ഞു. ഈ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കുന്ന അവസാനത്തെ നിയമം, ഈ സംസ്ഥാനത്തിന്റെ ഇന്റഗ്രിറ്റിനെ സംരക്ഷിക്കാനും അതിനുവേണ്ടി നമുക്കൊരുമിച്ച് പ്രവർത്തിക്കാനും കഴിയുന്ന മേഖലയാണ്. ഈ കാര്യത്തിൽ എല്ലാവരും നൽകിയിട്ടുള്ള സഹകരണത്തിന് പ്രത്യേകം ഞാൻ നന്ദി പറയുന്നു. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഇതൊരു ചരിത്രപരമായ സംഭവമായി നിൽക്കും. അതുകൊണ്ട് ഇതിന്റെ clause by clause-ൽ വരുമ്പോൾ അമെന്റ് മെന്റ്സ് സ്വീകരിക്കാം. ശ്രീ. കെ. സി.ജോസഫ് പറഞ്ഞ ഒരു കാര്യംകൂടി പറയട്ടെ, clause by clause പെട്ടെന്ന് തീർക്കാം.

മി. സ്പീക്കർ: പെട്ടെന്നു തീരുന്നതെങ്ങനെ, 900 ഭേദഗതികൾ ഉണ്ട്. 95 ക്ലാസ് ഉണ്ട്. അതുതന്നെ തീർക്കണ്ടേ?

ശ്രീ. ടി. എം. ജേക്കബ്: സർ, കെ. സി. ജോസഫ് പറഞ്ഞ ഒരു കാര്യംകൂടി പറയട്ടെ. പ്രത്യേകിച്ച് സെസ്സിനെ സംബന്ധിച്ച് അത് പാടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങളും പറഞ്ഞു. ഇതിനകത്ത് മനസ്സിലാക്കേണ്ട സംഗതി ഈ നിയമത്തിൽ ഒരു സ്ഥലത്തും ഇത്ര സെസ്സ് കൃഷിക്കാരന്റെ കൈയിൽനിന്ന് ഈടാക്കണമെന്ന് പറഞ്ഞിട്ടില്ല. സെസ്സ് ചുമത്തണം. ചുമത്തപ്പെടുന്ന സെസ്സ് കർഷക സമിതികൾക്ക് കിട്ടണം. എന്നാലെ നടത്തിക്കൊണ്ടു പോകാൻ ഒക്കുകയുള്ളൂ. എന്നാണ് ശ്രീ. ചന്ദ്രൻ പറഞ്ഞത്. ആകെക്കൂടി കേരളത്തിൽ സെസ്സ് തരുന്ന ഒരു സ്ഥലമുള്ളത് പാലക്കാട് മാത്രമാണ്. മറ്റൊരു സ്ഥലത്തും തരുന്നില്ല. പഴയ നിയമത്തിൽ കൃത്യമായി പറയുന്നുണ്ട്. എത്രയാണ് സെസ്സ് എന്ന്. നമ്മൾ ഇവിടെ എടുത്തിരിക്കുന്നത് എന്താ. നോട്ടിഫിക്കേഷൻവഴി ഗവൺമെന്റ് തീരുമാനിക്കുകയാണ്. ശ്രീ. കെ. സി. ജോസഫ് അറിയാൻവേണ്ടി പറയുകയാണ്. നോട്ടിഫിക്കേഷൻവഴി നിശ്ചയിക്കാം. ഏതു സർക്കാർ ആണെങ്കിലും നോട്ടിഫിക്കേഷൻവഴി ചെയ്താൽ മതി. ഒരു നിർബന്ധവുമില്ല. നിയമത്തിൽ പറയുന്നില്ല ഇത്ര ഈടാക്കണമെന്ന്. വേണമെങ്കിൽ ചുമത്താം. ഏതെങ്കിലും സമയം വരൾച്ച വരികയോ, വെള്ളപ്പൊക്കം വരികയോ എന്തു വന്നാലും സെസ്സ് വേണമെങ്കിൽ പിൻവലിക്കാം. ആവശ്യമില്ലെങ്കിൽ ചുമത്തണ്ട. ഇങ്ങനെയൊരു പ്രൊവിഷൻ കിടക്കണമെന്നുള്ളത് സെൻട്രൽ ഗവൺമെന്റ് കൂടി പറയുന്ന ഒരു സംഗതിയാണ്. അവർ പറയുന്നത് സ്പെസിഫിക് ആയിട്ട് പറയണമെന്നാണ്.

മി. സ്പീക്കർ: വെള്ളം കൊടുത്താൽ സെസ്സ് ഈടാക്കണ്ടേ.

ശ്രീ. ടി. എം. ജേക്കബ്: സർ, രണ്ടഭിപ്രായം ഇക്കാര്യത്തിലുണ്ട്. പ്രത്യേകിച്ചും ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് സബ്സിഡി ഒത്തിരി കൊടുക്കാൻ നിവൃത്തിയില്ല. എന്തുവേണം എന്നുള്ളത് ഓരോ കാലത്തേയും ജനങ്ങൾ തിരഞ്ഞെടുത്ത ഗവൺമെന്റിന്റെ ഇഷ്ടംപോലെ ചെയ്യാം. അതുകൊണ്ട് പൊതുവെ നമുക്കെല്ലാം യോജിക്കാവുന്ന നിലയിലാണ് നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇനിയും കുറെ ഭേദഗതികൾ വന്നത് സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. അത് ഓരോ ക്ലാസും എടുക്കുമ്പോൾ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 4 എ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

Shri K. C. Joseph: No.

Mr. Speaker: The amendment moved by Shri K. C. Joseph is, by leave, withdrawn.

Mr. Speaker: Shri V. K. C. Mammed Koya, do you press your amendment?

Shri V. K. C. Mammed Koya: No.

Mr. Speaker: The amendment moved by Shri Mammed Koya is, by leave, withdrawn.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ Kerala Irrigation and Water Conservation Bill പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനക്ക് എടുക്കുന്നു.

ക്ലാസ് ബൈ ക്ലാസ് പരിഗണനയിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു അനൗൺസ്മെന്റ് നടത്താനുണ്ട്.

IX. പ്രത്യേക അറിയിപ്പ്

സ്വാശ്രയ സ്ഥാപനങ്ങളിലെ അഡ്മിഷൻ സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, വളരെയേറെ സന്തോഷത്തോടുകൂടിയാണ് ഏറ്റവുമൊടുവിൽ ഡൽഹിയിൽ നിന്നു ലഭിച്ച അനൗപചാരികമായ ഒരു വാർത്ത ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കാരങ്ങൾ ഉണ്ടാക്കാൻ നമ്മൾ സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടാക്കിയെങ്കിലും അതിലെ അഡ്മിഷനെക്കുറിച്ചും ഫീസിനെക്കുറിച്ചുമുണ്ടായ തർക്കങ്ങളെ തുടർന്ന് കുറേ പ്രശ്നങ്ങൾ ഉണ്ടായി. ആ പ്രശ്നങ്ങൾ ഏതായാലും ഗവൺമെന്റും പ്രതിപക്ഷവും എല്ലാവരുംകൂടി ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ്. ഈ സന്തോഷ മുഹൂർത്തത്തിൽ പ്രതിപക്ഷ നേതാവു കൂടി കടന്നുവരുന്നുണ്ട്. അദ്ദേഹംകൂടി ഇരുന്നിട്ട് ബാക്കി പറയാം. ഏതായാലും നമ്മളെല്ലാം ആഗ്രഹിച്ചതുപോലെ കാര്യങ്ങൾ എല്ലാം ശുഭകരമായി പര്യവസാനിക്കും എന്നാണ് എന്റെ വിശ്വാസം. പൂർണ്ണമായി പറയാറായിട്ടില്ല; എന്നാലും ഇപ്പോൾ കിട്ടിയ അനൗപചാരിക ഇൻഫർമേഷൻ ഞാൻ ഈ സഭയ്ക്കു മുമ്പാകെ വയ്ക്കുകയാണ്. (1) This year the seat sharing shall be 50:50 (2) Government has the right to regulate the mode of admission in these institutions. (3) Fees structure and selection process shall be decided by a Committee headed by a retired Judge. ഇനിയും ഇതിന്റെ അടിസ്ഥാനത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ഭംഗിയായി നടത്തിക്കൊണ്ടുപോകുന്നതിന് പ്രതിപക്ഷവും ഭരണപക്ഷവും ഈ സംസ്ഥാനത്തെ മറ്റെല്ലാ വിഭാഗങ്ങളും സഹകരിച്ചുകൊണ്ട്. ഇനിയെങ്കിലും നമ്മുടെ വിദ്യാഭ്യാസ മേഖലക്ക് പൂർവ്വാധികം സമാധാനപരമായി മുന്നോട്ടുപോകാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ വിശദീകരണത്തെപ്പറ്റി സംശയമുള്ളത് ഒന്നു ചോദിച്ചോട്ടെ. ഈ 50:50 എന്നു പറയുന്നത് ഗവൺമെന്റു കോളേജുകളിലെ ഫീസ് തന്നെ ആയിരിക്കുമെന്ന് പൂർണ്ണമായും വിശ്വസിക്കാമല്ലോ. 50% സംബന്ധിച്ച് സംശയം പിന്നെ ഉണ്ടാകില്ലല്ലോ. 50% മെറിറ്റ് ഫീസ് 2 സ്വാശ്രയ കോളേജ് = ഒന്ന് എന്നു പറയുന്ന സ്പിരിറ്റിൽതന്നെ നടപ്പിലാക്കും എന്ന് സംശയം തീർക്കാൻ ചോദിച്ചു എന്നേയുള്ളൂ.

ശ്രീ. എ. കെ. ആന്റണി: ഏതായാലും ഗവൺമെന്റ് ഒരു നിലപാടെടുത്തശേഷം അതിന് ചില തടസ്സങ്ങൾ ഉണ്ടായപ്പോൾ കേരള ഗവൺമെന്റ് മാത്രമാണ് അതിനെ ചലഞ്ച് ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ പോയത്. അതിന്റെ പിന്നാലെയാണ് മറ്റുള്ളവർ കൂടിയത്. നമ്മുടെ നിലപാട് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഫീസ് സ്ട്രക്ച്ചറിന്റെ കാര്യത്തിൽ റിട്ടയേർഡ് ജഡ്ജി ചെയർമാനായിട്ടുള്ള കമ്മിറ്റിയുണ്ടാകണമെന്നാണ്. ചങ്കെടുത്തു കാണിച്ചാലും ചെമ്പരത്തിപൂവ് എന്ന് പറയരുത്. ഈ ഗവൺമെന്റ് ഡൽഹിവരെ പോയി, സുപ്രീംകോടതിവരെ പോയി ഫൈറ്റ് ചെയ്തതാണ്. ഇനി വിധിന്യായം കിട്ടട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കോടതി വിധി നമ്മൾ കാത്തിരിക്കുന്നതെന്തിനാണ്? കോടതി വിധി നമുക്കെതിരായിട്ടാണെങ്കിൽ നിയമനിർമ്മാണം വേണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽനിന്ന് കാലുമാറരുത്. പ്രതിപക്ഷവും ജനങ്ങളും ഉദ്ദേശിച്ചതിന് വിരുദ്ധമായിട്ടൊന്നും ഫുള്ളായിട്ട് പത്രങ്ങളിൽ ഇതുവരെ വന്നിട്ടില്ല. മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. അതുകൊണ്ട്.....

മി. സ്പീക്കർ: ഇത് ചർച്ചയല്ല. ബില്ലിനടിയിൽ ഒരു അനൗൺസ്മെന്റ് നടത്തിയതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മുഖ്യമന്ത്രിക്കു കിട്ടിയ വിവരം ഇവിടെ കൺവേ ചെയ്തതിൽ സന്തോഷം. വിധിയുടെ പൂർണ്ണമായ പകർപ്പ് വന്നുകഴിഞ്ഞാലേ യഥാർത്ഥത്തിലുള്ള സ്ഥിതി വരാൻ പോകുന്നുള്ളൂ. ഞാൻ ചോദിക്കുന്നത് ഇവിടുത്തെ പ്രഖ്യാപനത്തിൽനിന്ന് മാറരുത് എന്നാണ്. അത് സംബന്ധിച്ച് ഒന്നും ഇവിടെ വിശദീകരിച്ചില്ല.

ശ്രീ. എ. കെ. ആന്റണി: വിധി ന്യായം വരട്ടെ. അതുകഴിഞ്ഞ് ആലോചിക്കാം.

നിയമനിർമ്മാണകാര്യം—(തുടർച്ച)

2-ാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: ഇതിൽ മന്ത്രിക്ക് സ്വീകരിക്കാൻ പറ്റുന്ന ചില ഭേദഗതികളുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: മൂവ് ചെയ്തിട്ടുണ്ടല്ലോ. അത് അദ്ദേഹം എടുത്തോളും.

ശ്രീ. എം. വി. ജയരാജൻ: അതിൽ ചിലത് പറയണ്ടേ. രണ്ടാം വകുപ്പ് അംഗീകരിക്കുന്നെങ്കിൽ പറയുന്നില്ല. മൂന്നാം വകുപ്പു മുതൽ സംസാരിക്കാം.

Mr. Speaker: Minister may move your amendment.

LIBRARY ARCHIVES Kerala Legislative Assembly

Minister for Water resources **(Shri T. M. Jacob):** Sir, I move my amendment:

(861) In clause 2 (ae), for the words "but shall not include a lift irrigation work" the words "and any lift irrigation work" shall be substituted.

Shri K. P. Mohanan: Sir, I move the following amendments:

(100) In clause 2 (a) after the words "block of" the words "only" shall be inserted.

(108) In clause 2 (b) after the words "Kerala" words "State" shall be inserted.

(112) In clause 2 (d) after the words "Boards means the" the words "Kerala State" shall be inserted.

(118) In clause 2 (g) after the words "means the" the words "District" shall be inserted.

(125) In sub-clause 2 (j) of clause 2 after the word "include" insert the words "any construction".

Shri M. V. Jayarajan: Sir, I move the following amendments:

(101) In clause 2 (a) after the words "farmers organisation" the words "and local bodies" shall be inserted.

(114) In clause 2 (e) after the words "Open Channel" the words "or natural water source" shall be inserted.

(121) In clause 2 (h) after the word "irrigated" the words "for agricultural purpose" shall be inserted.

(156) In clause 2 (q) after the words "means any" the words "Nationalised Bank" or "NABARD" shall be inserted.

Shri Kovoor Kunjumon: Sir, I move the following amendments:

(102) In clause 2 (a) delete the words "in relation to farmers organisation" In clause 2 (a) insert the words "corporation or" after the words "means a".

(105) In clause 2, add the following as (a) and renumbered accordingly. "appellate authority" means an authority appointed by the Government to perform all or any of the functions of an appellate authority under this Act.

Shri Thomas Unniyadan: Sir, I move the following amendments:

(103) In clause 2 (a) for the words "as may be notified" the words "as may be notified by the Collector" shall be substituted.

(117) In clause 2 (f) for the words "under this Act" the words "under section 21" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(147) Amendment of section 2 for clause 2 (m), the following shall be substituted, namely:– "(m) 'Farmers association' means the water users association formed in accordance with the provisions of section 49".

(183) In clause 2 (z) for the words "or a panchayat" the words "or a panchayat at any level" shall be substituted.

(195) For clause 2 (ac) substitute the following:

"(ac) 'major irrigation work' means any irrigation work irrigating or useful for the drainage or protection of a cultivable area of over ten thousand hectares of land."

(199) In clause 2 (ad), for the words "Fifteen hectares" the words "two thousand hectares" shall be substituted.

(200) In clause 2 (ad) for the words "but not more than" the words "but less than" shall be substituted.

(201) In clause 2 (ae) the words "but shall not include a lift irrigation work" shall be omitted.

(203) For clause 2 (ac) substitute the following:

"(ac) 'medium irrigation work' means any irrigation work irrigating or useful for the drainage or protection of a cultivable area of more than two thousand hectares but less than ten thousand hectares".

(209) For clause 2 (af) the following shall be substituted namely:—

"(af) 'minor irrigation scheme' means a scheme benefiting an irrigable command area of not less than fifty hectares but less than two thousand hectares".

(212) For clause 2 (ag), the following shall be substituted, namely:—

"(ag) 'minor irrigation work' means any irrigation work irrigating or useful for the drainage or protection of a cultivable area not less than five hectares and not more than two thousand hectares".

Shri V. K. C. Mammed Koya: Sir, I move the following amendments:

(109) In clause 2 (b) after the words "Kerala Dam Safety Authority" the following words shall be added:

"having judicial powers.

(158) In clause 2 (q) delete the words "benefited area" and insert the words "Irrigation and Water Conservation Areas".

(159) In clause 2 (q) after the words "means any" the following words also may be inserted "Nationalised Banks".

LIBRARY ARCHIVES Kerala Legislative Assembly

Shri V. Chenthamarakshan: Sir, I move the following amendments:

(111) Clause 2 (b) shall be recast as follows:—

"(b) 'Authority' means Kerala Dam Safety Authority with semi Judicial powers under section 57".

(153) In clause 2 (q) for the words "benefited area" substitute the words "irrigation and water conservatory area".

(157) In clause 2 (q) after the words "means any" the following words shall be added "nationalised or".

Shri T. K. Devakumar: Sir, I move the following amendments:

(104) In clause 2 (a) for the words "as may be notified" substitute the words "as may be notified by the Collector".

(115) In clause 2 (e) delete the word "Open".

(119) In clause 2 (g) for the words "any officer" substitute the words "any officer not below the rank of Revenue Divisional Officer".

(122) In clause 2 (h) for the words "gravitational flow" substitute the words "gravitational flow of water".

(126) In clause 2 (j) for the words "extension repair and maintenance" substitute words "and extension".

(174) In clause 2 (w) delete item (vii).

(208) In clause 2 (af) after the words "not more than fifty hectares" include the following words "and not less than fifteen acres".

(221) In clause 2 (ar) include the words "or an institution" after the words "or body corporate or a society".

Shri K. C. Joseph: Sir, I move the following amendments:

(120) In clause 2 (g) after the words appointed by the Government add ' by notification'.

(165) In clause (2) between the words "the Government" and "to perform" insert the following: "not below the rank of an Assistant Engineer".

(173) After sub-clause 2 (w) (v), insert the following as clause 2 (w) (vi) and renumber accordingly:

"(vi) All works including regulator-cum-bridge or farm roads intended for transportation of farm products to the market places."

LIBRARY ARCHIVES Kerala Legislative Assembly

(219) In clause 2 (aq) (i) for 'a river' substitute 'flowing river' (ii) After 'channel' add 'or a' (iii) for 'other than in a private land' substitute 'other than those in a private land'.

Shri K. P. Rajendran: Sir, I move the following amendments:

(124) In clause 2 (j) after the word "repair" insert the words "original construction, strengthening" before the word "and maintenance".

(133) In clause 2 (k) (j), after the word "maintained" insert "strengthened" before the word "and".

(148) In clause 2 (m) after the words "and exceeding" substitute the words "one hectare" instead of the words "five hectares".

(186) In clause 2 (aa) substitute "5,000" instead the figure "10,000".

(190) In clause 2 (ab) for the words "ten thousand" substitute "five thousand".

(197) In clause 2 (ad) for the words "ten thousand" substitute "five thousand".

(202) In clause 2 (ae) for the words "fifteen hectares" substitute the words "twenty five hectares".

(207) In clause 2 (af) for the word "fifty" substitute "twenty five".

(211) In clause 2 (ag) for the words "five acres" substitute "two acres".

(215) In clause 2 (ak) for the words "five hectares" substitute "one hectare".

(223) After clause 2 (ar) a new sub clause (as) shall be added, "(as) 'water literacy' in relation to irrigation neans to make people aware of the concept that water is precious, important, invaluable and that it should be protected and not destroyed".

(224) After the new sub-clause (ar) another new sub-clause (as) shall be added:

"(as) 'plantation' means large scale plantation with vast area wherein plantation crops are cultivated on commercial basis employing large number of workers".

(225) After the new clause (ar) another new clause (as) shall be added (as) "Organic wealth" means wealth kindly bestowed upon man by nature and harmoniouly blended with nature".

Shri Dominic Presentation: Sir, I move the following amendments:

(127) In clause 2 sub-clause (j) at the end add the words "and its distributory system".

(154) In clause 2 (p), the words "of the year under concern" substitute "of a year".

LIBRARY ARCHIVES Kerala Legislative Assembly

(169) In clause (2) (w) (v) at the end, add the following
"and rivers in which drinking water projects are situated".

Shri Johny Nelloor: Sir, I move the following amendments:

(128) In clause 2 (j) the word "renovation" shall be inserted after the word "repair".

(167) In clause 2 (w) (i), After the word 'tanks' the word 'ponds' shall be inserted.

(168) In clause (2) (w) (iv) After word 'embankments' the word 'bund' shall be inserted.

(220) In clause 2 (aq) the word "springs" shall be inserted after the word "stream".

Shri P. Jayarajan: Sir, I move the following amendment:

(130) In clause 2 (j), After insert the following as (k) and renumber other items suitably.

(k) Domestic purpose means "the use of water inside the house and immediate surroundings for drinking, washing, cleaning and rearing of domestic animals".

Shri Binoy Viswam: Sir, I move the following amendments:

(146) In clause 2 (m) after the words "land exceeding" the words "four" shall be substituted for the "five".

(185) In clause 2 (aa) substitute the figure "5,000" for the figure "10,000".

(189) In clause 2 (ab) for the words "ten thousand" substitute the words "four thousand".

(193) In clause 2 (ae) for the words "fifty hectares" the words "thirty hectares" shall be substituted.

(198) In clause 2 (ad) for the figure "ten thousand" substitute "seven thousand".

(205) In clause 2 (af) for the words "fifty" substitute the words "thirty".

(210) In clause 2 (ag) for the words "five acres" substitute the words "3 acres".

(214) In clause 2 (ak) for the words "five hectares" substitute the words "two hectares".

Shri V. D. Satheesan: Sir, I move the following amendment:

LIBRARY ARCHIVES Kerala Legislative Assembly

(161) In clause 2 (q) for the words "financing necessary financial resources" substitute "for financing necessary resources".

Shri K. Kutty Ahammed Kutty: Sir, I move the following amendments:

(166) In clause 2 (w) (i) After the filler words point will the words "Constructed and mentioned by the department of water resources" shall be added.

(172) In clause 2 (w) (vi)

The words "the government or a local authority" may be substituted with the words "by the Department of water resources".

Shri P. J. Joy: Sir, I move the following amendment:

(184) In clause 2 (z) for "local authority means a Municipality" add "a town, Panchayat or a Municipality or a Municipal Corporation".

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ മൂവ് ചെയ്ത അമെന്റ്മെന്റിൽ ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി, (2) എഫ്-ന് ഉള്ള അമെന്റ്മെന്റ്, അതായത് Certificate means certificate issued under this Act the words "section 21" shall be suhstituted. അത് സ്വീകരിക്കുകയാണ്. ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി, ക്ലാസ് 2 (ജി)-യിൽ പറയുന്നത് Collector means Collector of a District includes any Officer appointed by the Government എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. അദ്ദേഹം പറഞ്ഞിരിക്കുന്നത് കഴിഞ്ഞിട്ട് "by notification". അതും അക്സപ്ട് ചെയ്യുകയാണ്. ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 122, ക്ലാസ് 2 (എച്ച്)-ൽ ആണ് ആ ഭേദഗതി വരുന്നത്. കമാന്റ് ഏരിയ സംബന്ധിച്ചാണ്. അതിൽ കുറച്ചുകൂടി ക്ലാരിറ്റി അദ്ദേഹം പറഞ്ഞ അമെന്റ്മെന്റിനാണുള്ളത്. Gravitational flow എന്നതിനുപകരം gravitational flow of water അതായിരിക്കും കുറച്ചുകൂടി നല്ല apt words. അത് അക്സപ്ട് ചെയ്യുകയാണ്. ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതിയിൽ ഒരു ചെറിയ വ്യത്യാസംകൂടി വരുത്തണം. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് The following shall be substituted, "(m)" "Farmers association" means the water users association formed in accordance with the provisions of the section 49. അതു മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളൂ. അതിന്റെകൂടെതന്നെ "And the water management and utilisation board constituted under section 90" എന്നു വേണം. അദ്ദേഹത്തിന്റെ 147-ാം നമ്പർ ഭേദഗതി അക്സപ്ട് ചെയ്യുമ്പോൾ അതിന്റെ ബാക്കി ഭാഗം കൂടി ആക്ടിൽ വേണ്ടേ. അതുകൂടി ചേർത്ത് അക്സപ്ട് ചെയ്യുകയാണ്. (എൻ)-നെ സംബന്ധിച്ച് പല അംഗങ്ങളും മൂവ് ചെയ്തിരിക്കുന്ന അമെന്റ്മെന്റിൽ വന്നിരിക്കുന്നത് Field channel means a channel which runs from an outlet in a Government channel. 'ഗവൺമെന്റ്' എന്നുള്ള വാക്ക് വേണ്ട എന്നാണ് പല അംഗങ്ങളുടെയും നിർദ്ദേശം. അതുകൊണ്ട് 'ഗവൺമെന്റ്' എന്നുള്ള വാക്ക് ഡിലീറ്റ് ചെയ്യുകയാണ്. അത് ഞാൻ ഓറലായിട്ട് മൂവ് ചെയ്യുകയാണ്. മെമ്പർമാർ പറഞ്ഞതെല്ലാംകൂടെ കണക്കിലെടുത്തുകൊണ്ട് (എൻ) എന്നു പറയുന്ന സബ് ക്ലാസിന് outlet in a Government channel എന്നതിനുപകരം 'ഗവൺമെന്റ്' എന്ന വാക്ക് ഡിലീറ്റ് ചെയ്യുന്നു. I move that as an

LIBRARY ARCHIVES Kerala Legislative Assembly

oral amendment accepting in principle, the amendments moved by all the members. അത് സംബന്ധിച്ച് പറഞ്ഞിരിക്കുന്ന ആളുകളുടെ അഭിപായം കണക്കിലെടുത്തുകൊണ്ടാണ്. ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. അത് സബ്ക്ലാസ് (2) ഏ-വിനുള്ളതാണ്. അത് അക്സപ്ട് ചെയ്യുന്നു. 'നബാർഡ്' ഇതിനകത്ത് വരും. അതുകൊണ്ട് ബാങ്കുകളെല്ലാം എന്നു പറയുന്നുണ്ട്. കൊമേഴ്സ്യൽ ബാങ്ക് എന്നു പറയുന്ന കൂട്ടത്തിൽ എല്ലാ ബാങ്കുകളും വരും. പ്രത്യേകിച്ച് 'നബാർഡ്' എന്നു മാത്രം എടുത്തു പറയണ്ട. ശ്രീ. എം. വി. ജയരാജന്റെ അമെന്റ്മെന്റ് ഞാൻ നോക്കി. ആ പർപ്പസ് ഇതിൽ സെർവ് ചെയ്യും. അതുകൊണ്ട് അത് വേണ്ട. ശ്രീ. മുരളിയുടെ 164 ക്ലാസ് 2 (എസ്)-ൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് outlets കഴിഞ്ഞിട്ട് etc., എന്നുള്ള വാക്ക് ഡിലീറ്റ് ചെയ്യണമെന്നാണ്. അത് ഡിലീറ്റ് ചെയ്യുമ്പോൾ ഇതിൽ In sub clause ii എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ii (S)-നുള്ള അമെന്റ്മെന്റാണ്. ക്ലാസ് 2-ലാണ് സബ്ക്ലാസ് എല്ലാം വരുന്നത്. ഇതിൽ "etc.," എന്നു പറഞ്ഞു കഴിഞ്ഞ് 'minors'കൂടി കഴിഞ്ഞാൽ "and" എന്നു ചേർക്കണം. ഈ ഭേദഗതി ഞാൻ ഓറലായിട്ട് അവതരിപ്പിക്കുകയാണ്. ശ്രീ. പി. ടി. തോമസിന്റെ 171 ഞാൻ ഓറലായിട്ട് അവതരിപ്പിക്കുന്നു. 171-ാം നമ്പർ ഭേദഗതിയിൽ സബ് സെക്ഷൻ (ii) മാത്രം അംഗീകരിക്കുന്നു. ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഇത്രയും ഭേദഗതികളാണ് ക്ലാസ് 2-ൽ സ്വീകരിക്കുന്നത്.

Sir, I move the following oral amendments:

(164) In clause 2 delete 'etc.' and add the words 'and the like' in its place.

(171) In clause 2 (w) (vi).

(2) For "erection upon such lands" substitute "erection on such lands".

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 861, 164, 171 എന്നീ നമ്പർ ഓറൽ അമെന്റ്മെന്റുകൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 861, 164, 171 എന്നീ നമ്പർ ഓറൽ അമെന്റ്മെന്റുകൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 117, 147, 200 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 117, 147, 200 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 122, 221 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 120, 221 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 100, 108, 112, 118, 125 എന്നീ നമ്പർ ഭേദഗതികളും എം. വി. ജയരാജൻ അവതരിപ്പിച്ച 101, 114, 121, 156 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 102, 105 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 103, 183, 195, 199, 201, 203, 209, 212 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 109, 158, 159 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 111, 153, 157 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 115, 204, 119, 126, 174, 208 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 165, 173, 219 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതിയും, ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 124, 133, 148, 186, 190, 197, 202, 207, 211, 215, 223, 224,

LIBRARY ARCHIVES Kerala Legislative Assembly

225 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച 146, 185, 189, 193, 198, 205, 210, 214 എന്നീ നമ്പർ ഭേദഗതികളും നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി അവതരിപ്പിച്ച 166, 172 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതിയും, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 127, 154, 169 എന്നീ നമ്പർ ഭേദഗതികളും, ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച 128, 167, 168 എന്നീ നമ്പർ ഭേദഗതികളും സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണ മെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

Shri K. P. Rajendran: Sir, I move the following amendments:

(226) In clause 3 after the words "all water courses" insert the words "and water wealth".

(231) In clause 3 before the word "purpose" insert the word "agricultural".

കൃഷിയെക്കുറിച്ചുള്ള എന്റെ ഭേദഗതി സ്വീകരിച്ചാൽ കൊള്ളാം.

Shri M. V. Jayarajan: Sir, I move the following amendment:

(227) In clause 3 after the word "state" the words "except which are under the control of the local bodies" shall be inserted.

എനിക്ക് ഒരു കാര്യം പറയുവാനുള്ളത്, അത് വ്യക്തമായിതന്നെ ക്ലാസ്സിൽ നിർവ്വചിക്കണം. ലോക്കൽ ബോഡീസിന്റെ കൺട്രോളിനുള്ളത് ഒഴികെ മറ്റെല്ലാം സ്റ്റേറ്റിന് എന്നു പറയുന്ന ഭേദഗതിയാണ്.

Shri Kovoor Kunjumon: Sir, I move the following amendment:

(228) In clause 3 insert the words "except those under the control of the local authority" after the words "in the state".

Shri V. D. Satheesan: Sir, I move the following amendment:

(229) In clause 3 add the following at the end:

'or for the production of electricity and for matters connected therewith or for both'.

Shri T. P. M. Sahir: Sir, I move the following amendment:

(230) In clause 3 after the word "therewith" the following shall be added. "except the water courses meant for producing electricity in the existing Mini Hydral Project or Major Hydral Project and such projects proposed to be launched in future".

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്): ഇതിൽ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതിന്റെ ആവശ്യമില്ല. അതുതന്നെ ഇവിടെ വരും. ശ്രീ. എം. വി. ജയരാജൻ പറഞ്ഞ കാര്യത്തിൽ മുനിസിപ്പാലിറ്റി ആക്ടിലും പഞ്ചായത്ത് രാജ് ആക്ടിലും നമ്മൾ ഒരു ഭേദഗതിയും വരുത്തിയില്ല. നമ്മുടെ നിയമസഭ പാസ്സാക്കിക്കൊടുത്ത എല്ലാ റൈറ്റ്സും അതുപോലെ നിൽക്കുകയാണ്. അതിലൊന്നും കുറവ് വരുത്തിയിട്ടില്ല. അതുകൊണ്ട് പ്രത്യേകമായി ഏറ്റെടുത്ത് പറയേണ്ട ആവശ്യമില്ല. അത് ആക്ടിൽതന്നെ പറയുന്നുണ്ട്. ശ്രീ. വി. ഡി. സതീശന്റെ 229-ാം നമ്പർ ഭേദഗതിയിൽ ഒരു ചെറിയ മാറ്റം ഞാൻ വരുത്തുകയാണ്. 'or for the production of electricity' എന്ന വാക്കുകൾക്കുപകരം 'or for the purpose of irrigation or for the generation of electricity' ആ പോയിന്റുകൂടെ അതിൽ വരും. ഈ മാറ്റത്തോടുകൂടി 229-ാം നമ്പർ ഭേദഗതിയെ അംഗീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രിയുടെ ഓറൽ അമെന്റ്മെന്റോടുകൂടി ഭേദഗതി ചെയ്യപ്പെട്ട 229-ാംനമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

സർവ്വശ്രീ. കെ. പി. രാജേന്ദ്രൻ, എം. വി. ജയരാജൻ, കോവൂർ കുഞ്ഞുമോൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. ടി. പി. എം. സാഹിർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

Shri V. K. C. Mammed Koya: Sir, I move the following amendment:

(232) In clause 4 (1) after the words "No person or Agency" insert the words "or Industry".

Shri K. A. Chandran: Sir, I move the following amendments:

(235) In clause 4 (1)

(i) after the words "no person" add the following words:

"firm, company or any other juristic person or any state government or agency thereof or person of other states".

(ii) delete the words "or agency".

LIBRARY ARCHIVES Kerala Legislative Assembly

(iii) for the words "installation of any mechanical or elcctrical devise" substitute "installation of one or more mechanical or electrical devices or both."

(iv) for the words "any hose pipe or similar device" substitute by "any hose, pipe or other similar device or by any other means".

(v) for the words "except with the previous permission of the officer" substitute "except with the previous permission of the Government in the case of abstraction of water by other state governments or agencies thereof or persons of other states and in other cases with the prcvious permission of the officer".

(249) In clause 4 (2) for the words "any person" substitute the words "any person, firm, company or juristic person or agency".

Shri K. V. Kunhiraman: Sir, I move the following amendment:

(236) In clause 4 (1) between the words "five horse power" substitute the words "three horse power".

Shri K. P. Rajendran: Sir, I move the following amendment:

(237) In clause 4 (1) for the words "five" substitute the words "ten".

Shri P. Jayarajan: Sir, I move the following amendment:

(238) (1) In clause 4 (1), for the words "five" in between the words "than" and "horse", the word "ten" shall be substituted.

(2) In the proviso to clause 4 (1), after the words "local authority" the words "farmers co-operative society and any other society of farmers" shall be inserted.

(3) Add the following as second proviso to clause 4 (1):

"Provided further that the Kerala Water Authority shall be liable for the payment of such amount as prescribed by government from time to time, for the abstraction of water from the water course".

Shri T. K. Devakumar: Sir, I move the following amendments:

(239) In clause 4 (1), after the words "or any hose pipe or similar device except with the previous" include the word "written".

(241) In clause 4 (1) for the words "officer authorised by the Government in this behalf" substitute the words "officer authorised by the Government in consultation with the local body".

LIBRARY ARCHIVES Kerala Legislative Assembly

Shri Johny Nelloor: Sir, I move the following amendments:

(240) In clause 4 (1) the following words shall be inserted after the words "any hose pipe" "above 2.5 centimeter in diameter".

(246) In clause 4 (1), in the proviso the words "or any local authority" shall be deleted.

Shri M. V. Jayarajan: Sir, I move the following amendments:

(242) In clause 4 (1), the words after the word "installed" shall be deleted and the following shall be inserted "But no person or agency shall have the right to divert any water source for his or their purpose. The violation of this provision is liable to be penalised".

(255) In clause 4 (2), delete the words "one month" and insert the words "fifteen days".

(262) In clause 4, a new sub clause 4 (4) shall be added as follows:

"(4) any lapse in supervision of the provisions contained in sub-section (3) by the officers authorised under sub section (1) or any person authorised by him on that behalf will also be liable for penalisation".

വയലേഷൻ ഉണ്ടായാൽ പീനൽ പ്രൊവിഷനില്ല. അതുകൂടി പറയണം.

Shri Kalathil Abdulla: Sir, I move the following amendments:

(243) In clause 4 (1), for the words "subject to such terms and conditions and on payment of such fees" substitute the words "subject to such conditions".

(251) In clause 4 (2), substitute the word "Tahsildar" for the word "Collector" in both the places.

(259) In clause 4 (3), substitute the word "Tahsildar" for the word "Collector".

